14
2024
ഏപ്രിൽ
ഞായർ
മേടം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.174 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-174 പേജ് 4. വില 2.00 രൂപ

02 സന്ദർശക തിരക്കിൽ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ
03 മാനസികോല്ലാസം ശരീരത്തിന് പ്രധാനപ്പെട്ടത്
04 ഇസ്രയേൽ കപ്പൽ പിടിച്ചെടുത്ത് ഇറാൻ; കപ്പലിൽ രണ്ട് മലയാളികളും



## എല്ലാ വായനക്കാർക്കും വിഷു ആശംസകൾ!

## മുഖ്യമന്ത്രി പിണറായി വിജയന്റെ വിഷു ആശംസ

വിഷു നമ്മുടെ സമ്പന്നമായ കാർഷിക പാരമ്പര്യത്തിന്റെ ആഘോഷവും അടയാളപ്പെടുത്തലുമാണ്. സമ്പൽ സമൃദ്ധവും സംതൃപ്തി നിറഞ്ഞതുമായ ഒരു നല്ല നാളേക്ക് വേണ്ടിയുള്ള പ്രതീക്ഷകളാണ് വിഷു ആഘോഷങ്ങളുടെ കാതൽ.

സാമൂഹ്യജീവിതത്തിൽ കർഷകനെയും കാർഷികവൃത്തിയെയും കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുന്നു എന്നതുതന്നെയാണ് ഇതര ഉത്സവങ്ങളിൽ നിന്ന് ഇതിനെ വേറിട്ടുനിർത്തുന്നത്. നമ്മുടെ കാർഷിക സംസ്കാരം തിരിച്ചുപിടിക്കാനും സമ്പുഷ്ടമാക്കാനുമുള്ള ഓർമ്മപ്പെടുത്തലാവട്ടെ ഈ വർഷത്തെ വിഷു.

തുല്യതയുടേതായ വേളയായിക്കൂടിയാണു പഴമക്കാർ വിഷുവിനെ കാണുന്നത്. ജാതി, മത ഭേദങ്ങളില്ലാത്ത മനുഷ്യമനസ്സുകളുടെ സമത്വത്തെ ഉയർത്തിയെടുക്കുന്നതിനു പ്രചോദനം നൽകും അത്.

നാനാ ജാതി മതസ്ഥർ ഒത്തൊരുമയോടെ ജീവിക്കുന്ന നമ്മുടെ രാജ്യത്ത് വർഗീയ ഭിന്നിപ്പുണ്ടാക്കാൻ പ്രതിലോമ ശക്തികൾ ഗൂഢമായ പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. ഈ അപകടത്തെ തിരിച്ചറിഞ്ഞു പ്രതിരോധിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇരുളിനു മേലുള്ള വെളിച്ചത്തിന്റെ വിജയമായും വിഷുവിനെ ഐതിഹ്യങ്ങൾ കാണുന്നുണ്ട്.

സാഹോദര്യവും സമത്വവും പുലരുന്ന ഒരു പുതുലോകം കെട്ടിപ്പടുക്കാനുള്ള ചുവടുവെപ്പായി ഈ വിഷു ആഘോഷങ്ങൾ മാറട്ടെ. ഏവർക്കും വിഷു ആശംസകൾ.

# തീരദേശം ഇടയന്താളത്തിൽ

**പി. സ്റ്റെല്ലസ്**

കേരളത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ തീരദേശ മേഖലയെ സംബന്ധിച്ച് വളരെ ആവേശപൂർവ്വം മത്സരബുദ്ധിയോടുള്ള തെരഞ്ഞെടുപ്പ് പ്രചരണവും പ്രവർത്തനങ്ങളും തിരമാലകൾ ആഞ്ഞടിക്കുന്നത് പോലെ ഇരു മുന്നണികൾക്ക് വേണ്ടി പ്രവർത്തിക്കാറുള്ളത്പതിവാണ്. ഓരോ മുക്കിലും മൂലയിലും ഇടറോഡുകളിലും കടൽ തീരത്തും വാശിയേറിയ മീറ്റിങ്ങുകളും ബൂത്ത് കമ്മിറ്റി ഓഫീസും മണ്ഡലം അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുള്ളതാണ് തീര മക്കൾ. എന്നാൽ 2024 25 ലെ തെരഞ്ഞെടുപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു ആവേശവും ഒരു പ്രവർത്തനങ്ങളും ഇപ്പോൾ ഈ തിരഞ്ഞെടുപ്പിൽ കാണാൻ കഴിയുന്നില്ല.

അവിടെയുമില്ല ഇവിടെയുമില്ലന്ന അവസ്ഥയിൽ ഇടയന്താളത്തിലാണ് തീരപ്രദേശത്തിന്റെ നിൽപ്

മത്സ്യത്തൊഴിലാളി മേഖലയിലെ നാനാജാതി മതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹവും, പ്രത്യേകിച്ച് ക്രൈസ്തവ സമൂഹവും അവർക്ക് പ്രതിഷേധിക്കാൻ ധാരാളം കാരണ



ങ്ങൾ ഉണ്ടെന്നാണ് ഇവർ പറയുന്നത്. ഓരോ മുന്നണികളും വാഗ്ദാനങ്ങൾ പറഞ്ഞുപോയതല്ലാതെ.. അവരിൽ നിന്ന് വോട്ട് വാങ്ങി പോയിട്ട് ഇതുവരെ അവരുടെ വികസനക്ഷേമ പ്രവർത്തനങ്ങളിൽ കാര്യമായ ഒന്നും നടത്തിയിട്ടില്ല എന്നാണ് ഈ സമൂഹം ചൂണ്ടിക്കാണിക്കുന്നത്. ഇനിയും ഞങ്ങൾ ഇവർക്ക് വേണ്ടി കൊടി പിടിക്കണോ എന്നുള്ള ചോദ്യചിഹ്നമാണ് ഇവരുടെ മുമ്പിലുള്ളത്.

ഈ തിരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും പിന്തുണയില്ലാതെ ഈ സമൂഹം മോഹന വാഗ്ദാനങ്ങളുടെ പുറകെ പോകണ്ട എന്ന നിലപാടാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ തെളിവാണ് പ്രവർത്തനങ്ങൾ മന്ദഗതിയിൽ പോകുന്നത്. ഇനി ഇവരെ പിച്ചു നിർത്തി കൊണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വോട്ട് നേടാം എന്നുള്ള വ്യാമോഹവും അസ്തമിക്കുകയാണ്.

കേരളത്തിലെ തീരദേശ മേഖലയിലെ കാര്യമായ കൊടി തോരണങ്ങളോ ബൂ ത്താപ്പീസുകളോ പല മേഖലകളിലും ഒറ്റപ്പെട്ട മാത്രമേ കാണുന്നുള്ളൂ ഇത് മുന്നണികൾക്കും സ്ഥാനാർത്ഥികളും ആശങ്കയിലാണ്. ഞങ്ങൾക്കാണ് ഇവരുടെ വോട്ടെന്ന്കുത്തകയായി പറയാൻ പറ്റാത്ത സാഹചര്യം കൂടിയാണ് ഈ മേഖലയിലെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾ നേരിടുന്ന പ്രതിസന്ധി.

കോൺഗ്രസ് എന്ന മഹാ പ്രസ്ഥാനത്തെ എന്നും കൈത്താങ്ങായി നിന്ന തീരമേഖല പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സമൂഹം, ക്രൈസ്തവ സമൂഹം ( ലത്തീൻ സമുദായം) എക്കാലവും കോൺഗ്രസിന് ഒപ്പം നിന്ന് വലിയൊരു ജനസമൂഹം ഇപ്പോൾ മാറി നിൽക്കുകയാണ്. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾ ഒരു ഇലക്ഷൻ ഓളം സൃഷ്ടിക്കാൻ കഴിയാത്തത് . ഇതു ഇരു മുന്നണികൾക്കി ടയിലും ചർച്ച ചെയ്യപ്പെടുകയാണ്. എങ്ങനെ ഇവരെ തിരിച്ചുകൊണ്ടുവരാം എന്നുള്ളത് ഇലക്ഷൻ ക്യാമ്പുകളിൽ ചർച്ച സജീവമായിരിക്കുന്നു.

ഇതിനിടയിലാണ് ലത്തീൻ സമുദായം സമ ദൂരത്തു നിന്നും ശരി ദൂരത്തിലേക്ക് എത്തിയത് എന്നും വോട്ട് ബാങ്ക് ആയി ഉപയോഗിച്ചിരുന്ന ഇവരുടെ മൗനവും മാറിയുള്ള ചിന്താഗതിയും കോൺഗ്രസിനെയാണ് കൂടുതൽ ഭയപ്പെടുത്തുന്നത്.

*(ലേഖകൻ സ്വതന്ത്ര മത്സ്യ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്)*

# ആക്രമിക്കുമെന്ന ഇറാൻെറ ഭീഷണിക്കിടെ ഇസ്രയേലിനുനേരേ റോക്കറ്റാക്രമണം

ജറുസലേം: ഇസ്രയേലിനെ ഇറാൻ ആക്രമിക്കുമെന്ന ഭീഷണികൾക്കിടെ കഴിഞ്ഞദിവസം രാത്രി വടക്കൻ ഇസ്രയേലിലേക്ക് ഇറാൻ പിന്തുണയുള്ള ഭീകരസംഘടനയായ ഹിസ്ബുള്ള റോക്കറ്റുകൾ തൊടുത്തു. നാൽപതോളം കത്യുഷ റോക്കറ്റുകൾ പ്രയോഗിച്ചെന്നാണു പുറത്തുവരുന്ന റിപ്പോർട്ട്. ആളപായമുണ്ടായതായി വിവരമില്ല.

ഹിസ്ബുള്ളയുടെ റോക്കറ്റുകളെ ഇസ്രയേലിൻറെ അയേൺ ഡോം പ്രതിരോധിക്കുന്നതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോയിലുണ്ട്. ഇസ്രയേൽ ഡിഫൻസ് ഫോഴ്സ് ആക്രമണം സ്ഥിരീകരിച്ചു. റോക്കറ്റാക്രമണത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുത്ത ഹിസ്ബുള്ള, തെക്കൻ ലെബനനിൽ ഇസ്രയേലി സേന നടത്തിയ ആക്രമണത്തിനുള്ള മറുപടിയാണിതെന്നു വ്യക്തമാക്കി.

സിറിയയിലെ ഡമാസ്കസിൽ ഏപ്രിൽ ഒന്നിന് ഇറാൻ കോൺസുലേറ്റിനുനേരേ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിന് മറുപടിയായി ഇസ്രയേലിനെ നേരിട്ട് ആക്രമിക്കുമെന്ന് ഇറാൻ പറഞ്ഞിരുന്നു. ഡമാസ്കസിലെ ആക്രമണത്തിൽ മുതിർന്ന ഉദ്യോഗസ്ഥൻ അടക്കം 13 പേർ കൊല്ലപ്പെട്ടിരുന്നു.

ആക്രമണത്തിൻറെ ഉത്തരവാദിത്വം ഇസ്രയേൽ ഏറ്റെടുത്തിരുന്നില്ലെങ്കിലും പിന്നിൽ ഇസ്രയേലാണെന്നും തിരിച്ചടി ഉണ്ടാകുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകുകയായിരുന്നു. ഇതിനു പിന്നാലെ, ഇസ്രയേലിനെ ഇറാൻ ആക്രമിക്കുമെന്ന് പാശ്ചാത്യ രാജ്യങ്ങൾ മുന്നറിയിപ്പും നൽകി.

ഗാസയ്ക്കുനേരേയുള്ള ആക്രമങ്ങൾക്കു പിന്നാലെ ഇസ്രയേലിനുനേരേ തുടർച്ചയായ ആക്രമണങ്ങൾ ഹിസ്ബുള്ള നടത്തുന്നുണ്ട്. ലെബനിനിലെ ശക്തമായ തീവ്രവാദസംഘടനയായ ഹിസ്ബുള്ള ഹമാസിനു പിന്തുണ നൽകിവരികയും ചെയ്യുന്നു.

സിറിയയിൽ നടത്തിയ ആക്രമണത്തിന് തിരിച്ചടി നൽകുന്നതിൻറെ ഭാഗമായി വിഷയത്തിൽ ഇടപെടരുതെന്ന് അമേരിക്കയോട് ആവശ്യപ്പെട്ടതായി കഴിഞ്ഞാഴ്ച ഇറാൻ വ്യക്തമാക്കിയിരുന്നു. അതേസമയം, അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ ഇസ്രയേലിന് പൂർണ പിന്തുണ പ്രഖ്യാപിച്ച് രംഗത്തെത്തി. ആക്രമണത്തിന് മുതിരരുതെന്ന് ഇറാന് ബൈഡൻ മുന്നറിയിപ്പും നൽകി.

ഇറാൻ ഇസ്രയേൽ സംഘർഷ സാഹചര്യത്തിൽ ഇസ്രയേലിലേക്കും ഇറാനിലേക്കും യാത്ര പാടില്ലെന്ന് ഇന്ത്യയടക്കം നിരവധി രാജ്യങ്ങൾ അവരുടെ പൗരന്മാർക്കു മുന്നറിയിപ്പ് നൽകി. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഇവിടങ്ങളിലേക്കു യാത്ര ഒഴിവാക്കണമെന്നു നിർദേശിച്ച ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം ഇരുരാജ്യങ്ങളിലും നിലവിൽ താമസിക്കുന്നവർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും ആവശ്യപ്പെട്ടു.

# പൊഴിയൂർ തീരത്ത് രാജീവ്ചന്ദ്രശേഖർ



തിരുവനന്തപുരം: പാറശ്ശാല അസംബ്ലി മണ്ഡലം കേന്ദ്രീകരിച്ചായിരുന്നു രാജീവിന്റെ പര്യടനങ്ങളും റോഡ് ഷോയും. വോട്ടെടുപ്പിന് 12 ദിവസങ്ങൾ കൂടി ശേഷിക്കെ കൂടുതൽ വോട്ടർമാരിലെത്താനുള്ള നെട്ടോട്ടത്തിലാണ് സ്ഥാനാർത്ഥി.

കൊറ്റാമം ശ്രീധർമ്മശാസ്താ ക്ഷേത്ര ദർശനത്തോടെയാണ് രാജീവ് പര്യടനത്തിന് തുടക്കമിട്ടത്. വാഹന പ്രചരണ ജാഥ കൊറ്റാമം ജങ്ഷനിൽ ബി.ജെ.പി സംസ്ഥാന വക്താവ് എം.എസ് കുമാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ആറയൂർ, പൊൻവിള, ഞാറക്കാല, പാറശ്ശാല, അയിരക്കുളം, കാരോട് കോളനി, കൂനൻവിള, കടകുളം, ചെന്നിയോട്, പൊഴിയൂർ, പാട്ടവിള, ചിത്തക്കോട്, ആറ്റുപുറം, വട്ടവിള, കാരിയോട്, ചെങ്കൽ, അമരവിള എന്നിവിടങ്ങളിലായിരുന്നു പര്യടനം.

പൊഴിയൂർ തീരദേശ മേഖലയിൽ വൻ സ്വീകരണമാണ് രാജീവിന് ലഭിച്ചത്. മണിക്കൂറുകൾ വൈകിയാണ് എത്തിയതെങ്കിലും റോഡിനു ഇരുവശത്തും നൂറുകണിക്കിന് ആളുകളാണ് സ്വീകരിക്കാൻ കാത്തിരുന്നത്. പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും താമരഹാരം നൽകിയുമാണ് കടലിന്റെ മക്കൾ സ്ഥാനാർത്ഥിയെ വരവേറ്റത്. പൊഴിയൂർ സെന്റ് മേരീസ് വലിയപള്ളിക്ക് മുന്നിലെത്തിയ സ്ഥാനാർത്ഥിയെ തീരത്തെ മുതിർന്ന പൗരനായ എമിരിയാസ് ഷാൾ അണിയിച്ച് സ്വീകരിച്ചു. തന്റെ വീടിന് മുന്നിലൂടെ രാജീവ് ചന്ദ്രശേഖർ കടന്ന് പോകുമെന്നറിഞ്ഞ കാഴ്ച പരിമിതനായ എമിരിയാസ് ബന്ധുക്കളോട് രാജീവ് ചന്ദ്രശേഖറിന് സ്വീകരിക്കണെമെന്ന് ആഗ്രഹം പറഞ്ഞു. തുടർന്നാണ് അടുത്ത ബന്ധുക്കളും നാട്ടുക്കാരും ചേർന്ന് സ്ഥാനാർത്ഥിയുടെ അടുത്തെത്തിച്ച് ഷാൾ അണിയിച്ചത്.

പൊഴിയൂർ കടൽ തീരത്തേയ്ക്ക് പ്രവേശിച്ച വാഹന പ്രചരണ ജാഥയെ മത്സ്യതൊഴിലാളികളായ മരിയപുഷ്പം, അനിത ഹൃദയദാസ്, പനിയമ്മ അലക്സാണ്ടർ എന്നിവർ ചേർന്ന് സ്വീകരിച്ചു. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് പൊഴിയൂർ മേഖലയിലുണ്ടായ കടലേറ്റത്തിൽ തകർന്ന വീടുകളുടെ ശോചനീയവസ്ഥ സ്ഥാനാർത്ഥി നേരിൽകണ്ടു. മത്സ്യ തൊഴിലാളികളുടെ ജീവിതദുരിതം സ്ഥാനാർത്ഥമായും പങ്കുവച്ചു. ഇരു മുന്നണികളും പതിറ്റാണ്ടുകളായി തീരമേഖലയെ അവഗണിക്കുകയായിരുന്നുവെന്നും വോട്ട് ബാങ്ക് മാത്രമായിരുന്നു അവരുടെ ലക്ഷ്യമെന്ന് മത്സ്യ തൊഴിലാളികൾ പരാതിപ്പെട്ടു. മത്സ്യ തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുമെന്നും വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലന പദ്ധതികൾ സ്കൂളുകളിൽ ആവിഷ്കരിക്കുമെന്നും രാജീവ് പറഞ്ഞു. തീരദേശ വാസികളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ളം എന്നീ അടിസ്ഥാന സൌകര്യങ്ങളൊരുക്കാൻ തനിക്ക് സാധിക്കുമെന്ന് മത്സ്യതൊഴിലാളികൾക്ക് അദ്ദേഹം വാക്ക് നൽകി.



# സന്ദർശക തിരക്കിൽ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

തൊടുപുഴ: വിദ്യാലയങ്ങൾ മധ്യവേനലവധിക്കായി അടച്ചതോടെ കുടുംബസമേതം വിനോദയാത്ര പോകുന്നവരുടെ എണ്ണം ദിനം പ്രതി വർധിക്കുന്നു. ജില്ലയ്ക്കകത്തും പുറത്തേയ്ക്കും വിനോദയാത്ര നടത്തുന്നതിനാണ് പല കുടുംബങ്ങളും തയാറെടുക്കുന്നത്. പലരും ടൂർ ഓപ്പറേറ്റർമാർ വഴി അവധിക്കാലം ആഘോഷിക്കാൻ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങളിലേക്കുള്ള യാത്രയും താമസവും ബുക്ക് ചെയ്തു കഴിഞ്ഞു.

കനത്ത ചൂടിൽനിന്നും ജീവിതത്തിരക്കുകളിൽനിന്നും താത്കാലികമായെങ്കിലും മാറിനിന്ന് കുടുംബത്തോടൊപ്പം ഏതാനും ദിവസം ആസ്വദിക്കാമെന്ന നിലയ്ക്കാണ് പലരും ഈ അവധിക്കാലത്തെ യാത്രകളെ കാണുന്നത്. ഇത്തരക്കാർക്കായി ഇടുക്കിയും ദൃശ്യ മനോഹാരിതയൊരുക്കി കാത്തിരിക്കുകയാണ്. അന്യ ജില്ലകളിൽനിന്ന് ഒട്ടേറെ പേരാണ് ജില്ലയുടെ കുളിർമയും സൗന്ദര്യവും നുകരാനായി എത്തുന്നത്. ഇവർക്കായി ജില്ലാ ടൂറിസം കൗൺസിലും റിസോർട്ട്, ഹോട്ടൽ ഉടമകളും സൗകര്യങ്ങൾ ഒരുക്കികഴിഞ്ഞു.

അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായ വാഗമണ്ണിലും മൂന്നാറിലും തേക്കടിയിലുമാണ് ഈ അവധിക്കാലം ആഘോഷിക്കാൻ കൂടുതൽ പേരെത്തുന്നത്. തേക്കടിയിലെത്തുന്നവർക്ക് കാനന സൗന്ദര്യം ആസ്വദിച്ച് ബോട്ടിംഗിനും ട്രക്കിംഗിനും അവസരമുണ്ട്.

വാഗമണ്ണിൽ മൊട്ടക്കുന്നുകളുടെ മനോഹാരിതയും പൈൻമരക്കാടുകളും സന്ദർശകരെ ആകർഷിക്കുന്നു. ഡിടിപിസിയുടെ നേതൃത്വത്തിലുള്ള അഡ്വഞ്ചർ പാർക്കിൽ വിവിധ റൈഡുകൾ, പാരാഗ്ലൈഡിംഗ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവയാണ് ഒരുക്കിയിരിക്കുന്നത്.

മൂന്നാറിൽ ഡിടിപിസിയുടെ ബോട്ടാണിക്കൽ ഗാർഡൻ, രാജമല ദേശീയോദ്യാനം, ടോപ് സ്റ്റേഷൻ വ്യൂപോയിൻറ്, കുണ്ടള, മാട്ടുപ്പെട്ടി, പൊൻമുടി ഡാമുകൾ എന്നിവയാണ് പ്രധാന സന്ദർശന കേന്ദ്രങ്ങൾ. മാട്ടുപ്പെട്ടിയിലും കുണ്ടളയിലും പൊൻമുടിയിലും ബോട്ടിംഗും ആസ്വദിക്കാം. ചന്ദനക്കാടുകൾ സ്വാഗതമോതുന്ന മറയൂരും ആപ്പിളും ഓറഞ്ചും ശീതകാല പച്ചക്കറികളും വിളയുന്ന കാന്തല്ലൂരും സന്ദർശകർക്ക് വിരുന്നൊരുക്കി കാത്തിരിക്കുകയാണ്. ഇതിനു പുറമേ കാട്ടാനകളെ അടുത്തു കാണാൻ കഴിയുന്ന മാങ്കുളം ആനക്കുളവും ഇപ്പോൾ തിരക്കേറിയ വിനോദ സഞ്ചാര കേന്ദ്രമാണ്.

ജില്ലയുടെ അഭിമാനമായ ഇടുക്കി, ചെറുതോണി ഡാമുകൾ അവധിക്കാലത്തോടനുബന്ധിച്ച് സന്ദർശകർക്കായി തുറന്നു നൽകിയിട്ടില്ലെങ്കിലും വൈകാതെ തുറക്കുമെന്നാണ് സൂചന. ഡിടിപിസിയുടെ ഹിൽ വ്യൂ പാർക്ക്, ആർച്ച് ഡാം, ബോട്ടിംഗ്, കൊലുന്പൻ സമാധി എന്നിവയാണ് ഇവിടുത്തെ പ്രധാന ആകർഷണം. രാമക്കൽമേടാണ് ജില്ലയിലെ മറ്റൊരു വിനോദ സഞ്ചാര കേന്ദ്രം. കുറവൻകുറത്തി ശില്പവും വ്യൂ പോയിൻറും കാറ്റാടിപ്പാടവും ഇവിടെ ആസ്വദിക്കാം. ആമപ്പാറ വ്യൂ പോയിൻറാണ് സമീപത്തെ മറ്റൊരു സന്ദർശന സ്ഥലം.

തൊടുപുഴയ്ക്കു സമീപത്തെ മലങ്കര ഡാം, തൊമ്മൻകുത്ത്, കാറ്റാടിക്കടവ്, ഇടുക്കി കാൽവരിമൗണ്ട്, അഞ്ചുരുളി, അയ്യപ്പൻകോവിൽ, കുട്ടിക്കാനം, പാഞ്ചാലിമേട്, പരുന്തുംപാറ, രാജാക്കാട് ശ്രീകൃഷ്ണപുരം തുടങ്ങി ഒട്ടേറെ ചെറുതും വലുതുമായ ടൂറിസം കേന്ദ്രങ്ങളാണ് വിസ്മയക്കാഴ്ചകളുമായി ഈ അവധിക്കാലത്ത് വിനോദ സഞ്ചാരികളെ കാത്തിരിക്കുന്നത്.

സഞ്ചാരികൾക്കായി പ്രത്യേക പായ്ക്കേജുകളും റിസോർട്ട് അധികൃതരും ടൂർ ഓപ്പറേറ്റർമാരും തയാറാക്കിയിട്ടുണ്ട്. എന്നാൽ ചില കേന്ദ്രങ്ങളിലെങ്കിലും സന്ദർശകർക്കാവശ്യമായ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നതാണ് വസ്തുത. ഇക്കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങളും വലിയ താത്പര്യം ചെലുത്തുന്നില്ലെന്ന് പ്രദേശവാസികൾ തന്നെ ചൂണ്ടിക്കാട്ടുന്നു.

# കലേന്ദ്രൻ കാണാമറയത്ത്; പോലീസ് അന്വേഷണത്തിനെതിരേ ബന്ധുക്കൾ

അഞ്ചൽ: ചണ്ണപ്പേട്ട വനത്തുംമുക്ക് സ്വദേശി കലേന്ദ്രനെ കാണാതായി നൂറ്റിപത്ത് ദിവസം പിന്നിടുമ്പോഴും കാര്യമായ തെളിവോ, സൂചനയോ കണ്ടെത്താൻ കഴിയാതെ പോലീസ് അന്വേഷണം.

കലേന്ദ്രനെ കാണാതാകുന്നതിനു മുമ്പ് എത്തിയെന്നു പറയപ്പെടുന്ന ഏരൂർ പഞ്ചായത്തിലെ നീരാറ്റുതടത്തിലെ പഴയ പന്നി ഫാമിൽ പോലീസ്, ഫയർ ഫോഴ്സ്, വനം വകുപ്പ് അധികൃതരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

പന്നി ഫാമിൻറെ മറവിൽ ടൺകണക്കിന് മാലിന്യം കുന്നുക്കൂട്ടിയിരിക്കുന്ന സ്ഥലത്ത് യാതൊരുവിധ സംവിധാനങ്ങളും ഇല്ലാതെ എത്തി പരിശോധന നടത്തിയ പോലീസ് നടപടിയെ രൂക്ഷമായ ഭാഷയിലാണ് കലേന്ദ്രൻറെ ബന്ധുക്കൾ പ്രതികരിച്ചത്.

കലേന്ദ്രനൊപ്പം കാണാതായ ദിവസം രാത്രിയിൽ പന്നി ഫാമിൽ എത്തിയ രാജേഷ് റിജോ എന്നിവരെ കൂടി എത്തിച്ചു വേണമായിരുന്നു പരിശോധന എന്നും പന്നി ഫാമിനോപ്പം സമീപത്തെ ഫാക്ടറി പരിസരം കൂടി പരിശോധിക്കണമെന്നും സഹോദരിയടക്കമുള്ളവർ ആവശ്യപ്പെട്ടിരുന്നു.

പന്നിഫാമിൽ പന്നിയെ പിടിക്കാനായി എത്തിയെന്നും ഫാമിലെ വെളിച്ചം കണ്ടു തങ്ങൾ ഓടി രക്ഷപ്പെട്ടുവെന്നും കലേന്ദ്രൻ ഫാമിനുള്ളിൽ അകപ്പെട്ടുവെന്നും സുഹൃത്തുക്കളായ രാജേഷ്, റിജോ എന്നിവർ മൊഴി നൽകിയിട്ടുണ്ട്.

ഇതിന് ശേഷമാണ് കലേന്ദ്രനെ കാണാത്തയതെന്നും ഇവർ ബന്ധുക്കൾ ഉൾപ്പടെയുള്ളവരോടും പറഞ്ഞിട്ടുണ്ട്. അതേസമയം അന്വേഷണം ഊർജിതമാണെന്ന നിലപാടാണ് പോലീസിനുള്ളത്.

കലേന്ദ്രനെ അപയപ്പെടുത്തിയിട്ടുണ്ടാകാം എന്ന നിഗമനത്തിലാണ് പോലീസ്.

അതേസമയം തന്നെ എപ്പോൾ, എങ്ങനെ ആരൊക്കെ എന്നതടക്കമുള്ള കാര്യങ്ങൾ മൂന്നരമാസം പിന്നിടുമ്പോഴും ഒരു തെളിവും കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല. ഇതിനിടയിൽ ബന്ധുക്കൾ ഹേബിയസ് കോർപസ് ഹർജിയുമായി ഹൈക്കോടതിയെ സമീപിക്കാനുള്ള നീക്കവും ആരംഭിച്ചിട്ടുണ്ട്.

# വെള്ളൂർ സ്റ്റാൻഡിൽ ബസുകൾ കയറുന്നില്ല

പെരുവ: വർഷങ്ങൾ കാത്തിരുന്നിട്ടും വെള്ളൂർ ബസ് സ്റ്റാൻഡിൽ ബസുകൾ കയറുന്നില്ല. 25 വർഷം മുമ്പ് വെള്ളൂരിൽ ബസ്സ്റ്റാൻഡ് നിർമിച്ചെങ്കിലും ജംഗ്ഷനിൽനിന്നു സ്റ്റാൻഡിലേക്കുള്ള റോഡിന് മതിയായ വീതിയില്ലെന്ന കാരണത്താൽ മോട്ടർ വാഹന വകുപ്പ് ബസ് സ്റ്റാൻഡ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയില്ല. ഇതോടെ സ്റ്റാൻഡിൽ ബസുകൾ കയറാതായി. തുടർന്ന് ഭരണസമിതികൾ പലതു മാറി വന്നെങ്കിലും പ്രശ്നത്തിനു പരിഹാരം കണ്ടെത്താനാകാതെ നിർമിച്ച കെട്ടിടവും നാശത്തിൻറെ വക്കിലായി. നിലവിലെ പഞ്ചായത്ത് ഭരണസമിതി വെള്ളൂർ കുഞ്ഞുരാമൻ സ്മാരക ഹൈസ്കൂൾ അധികൃതരുമായി നടത്തിയ ചർച്ചയിൽ ഒരു വർഷം മുമ്പ് റോഡിൻറെ വീതിക്കുറവുള്ള ഭാഗത്ത് എട്ട് മീറ്റർ വീതിയാക്കാൻ സ്കൂൾ വക സ്ഥലം സൗജന്യമായി വിട്ടുനൽകി. റോഡ് വീതി കൂട്ടി നവീകരിക്കുന്നതിൻറ ഉദ്ഘാടനം നടത്തി. ഇതു ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകിയെങ്കിലും ഇപ്പോഴും സ്റ്റാൻഡിൽ ബസ് കയറാത്തത് ജനങ്ങളെ വീണ്ടും നിരാശരാക്കി.

കോട്ടയം, എറണാകുളം, വൈക്കം, പിറവം, മുവാറ്റുപുഴ, പാലാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി 30 ലധികം ബസുകൾ വെള്ളൂരിലെത്തി മടങ്ങിപ്പോകുന്നുണ്ട്. നിലവിൽ ജംഗ്ഷനിലാണ് ബസുകൾ പാർക്ക് ചെയ്യുന്നത്. തിരക്കേറുന്ന സമയങ്ങളിൽ ഇതു ഗതാഗതക്കുരുക്കിന് കാരണമാകാറുണ്ട്. സ്റ്റാൻഡ് ജനോപകാരപ്രദമാക്കാൻ അടിയന്തര നടപടി വേണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

വെള്ളൂർ ജംഗ്ഷനിൽനിന്നു ബസ് സ്റ്റാൻഡിലേക്കുള്ള റോഡ് വീതി കൂട്ടി അളന്ന് തിട്ടപ്പെടുത്തിയത് അല്ലാതെ ടാറിംഗ് ഉൾപെടെ ഒരു ജോലിയും നടത്തിയിട്ടില്ല. വെട്ടിക്കാട്ടുമുക്കിൽ നിന്നും വെള്ളൂർക്കുള്ള റോഡ് നിർമാണ ജോലിയുടെ പേരിൽ വെട്ടിപൊളിച്ചിട്ടിരിക്കുന്നതിനാൽ സമയത്ത് വെള്ളൂർ ജംഗ്ഷനിലേക്കു പോലും എത്തപ്പെടാൻ പറ്റാത്ത അവസ്ഥയാണ്. അവിടെ നിന്നും സ്റ്റാൻഡിലേക്കു പോകണമെങ്കിൽ വീണ്ടും സമയനഷ്ടം ഉണ്ടാകും. 20 വർഷം മുമ്പുള്ള സമയക്രമത്തിലാണ് ഇപ്പോഴും സർവീസ് നടത്തുന്നത്. ദൂരം കൂട്ടുന്നതനുസരിച്ചു സമയം കൂട്ടി നൽകിയിട്ടില്ല.

# കല്ലിശേരിയിലെ പമ്പിംഗ് തകരാർ: ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല ക്ഷാമം അതിരൂക്ഷം

ചങ്ങനാശേരി: കല്ലിശേരിയിലെ പമ്പിംഗ് തകരാർ പരിഹരിക്കാൻ ദിവസങ്ങൾ വേണ്ടിവരുമെന്ന് സൂചന. ചങ്ങനാശേരി നഗരത്തിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല ക്ഷാമം അതിരൂക്ഷമായി തുടരുന്നു. തിരുവല്ലചങ്ങനാശേരി നഗര ശുദ്ധജലവിതരണ പദ്ധതിയുടെ കല്ലിശേരിയിലെ ക്ലിയർ വാട്ടർ പമ്പ് ഹൗസിലെ കേടായ പമ്പിൻറെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ടാണ് ചങ്ങനാശേരിയിലേക്കുള്ള പമ്പിംഗിന് തടസം നേരിട്ടിരിക്കുന്നത്. തിരുവല്ല, ചങ്ങനാശേരി എന്നീ നഗരസഭകളുടെ വിവിധ പ്രദേശങ്ങളിലും തിരുവൻവണ്ടൂർ, കുറ്റൂർ, പായിപ്പാട്, തൃക്കൊടിത്താനം, കുറിച്ചി, കവിയൂർ, കുന്നന്താനം, വാഴപ്പള്ളി പഞ്ചായത്തുകളിലുമാണ് ശുദ്ധജല വിതരണം തടസപ്പെട്ടിരിക്കുന്നത്. മോട്ടോറിൻറെ തകരാർ പരിഹിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ ഇന്നാരംഭിക്കുമെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണിയുടെ ഭാഗമായി ജലശുദ്ധീകരണ ശാലയിൽനിന്നുള്ള ജലലഭ്യതയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുമെന്നും 14 വരെ ദിവസങ്ങളിൽ ശുദ്ധജല വിതരണത്തിനു ഭാഗികതടസം നേരിടുമെന്നും ജല ഉപഭോഗത്തിൽ മിതത്വം പാലിക്കണമെന്നും വേണ്ട കരുതലുകൾ എടുക്കണമെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. കല്ലിശേരി, കറ്റോട് പദ്ധതികളിലെ വെള്ളം പമ്പുചെയ്യുന്ന കിണറുകളിൽ വെള്ളത്തിൻറെ അളവ് കുറഞ്ഞതുമൂലം ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ഇപ്പോൾത്തന്നെ പത്തും പന്ത്രണ്ടും ദിവസത്തിനിടയിലാണ് ശുദ്ധജലം എത്തുന്നത്. അതിനിടയിലാണ് മോട്ടോർ തകരാറിനെത്തുടർന്നു ജലനിയന്ത്രണം ഏർപ്പെടുത്തിയതുമൂലമുള്ള പുതിയ പ്രതിസന്ധി രൂപപ്പെട്ടിരിക്കുന്നത്. വരുംദിവസങ്ങളിൽ ശുദ്ധജല വിതരണം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങാനാണ് സാധ്യതയെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

# സിറ്റി ഗ്യാസ് പദ്ധതി: ജില്ലയിൽ നാലിടത്ത് സ്റ്റേഷൻ

പത്തനംതിട്ട: സുരക്ഷിത പൈപ്പുകളിലൂടെ പ്രകൃതി വാതകം വീടുകളിൽ എത്തിക്കുന്ന കേന്ദ്രസർക്കാരിൻറെ സിറ്റി ഗ്യാസ് പദ്ധതി പത്തനംതിട്ട ജില്ലയിലും വൈകാതെ പ്രാവർത്തികമാകും. ഇതിൻറെ ഭാഗമായി നാല് ഗ്യാസ് സ്റ്റേഷനുകൾ തുടങ്ങും.

തിരുവല്ല, പത്തനംതിട്ട, കോഴഞ്ചേരി, കുളനട എന്നിവിടങ്ങളിലാണ് ഗ്യാസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ഇവിടങ്ങളിലെ ഇന്ത്യൻ ഓയിൽ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നിവയുടെ പെട്രോൾ പമ്പുകളുമായി സഹകരിച്ചായിരിക്കും നിർമാണം നടത്തുന്നത്.

കുളനടയിൽ ഗ്യാസ് സ്റ്റേഷൻറെ നിർമാണം തുടങ്ങിയിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ ബാക്കി മൂന്നിടത്തും നിർമാണം തുടങ്ങാനാണ് തീരുമാനം. പ്രാഥമിക ഘട്ടത്തിൽ സിഎൻജി വാഹനങ്ങൾക്കുള്ള ഗ്യാസ് സ്റ്റേഷനുകളായിട്ടാണ് ഇവയെല്ലാം പ്രവർത്തിക്കുക. രണ്ടാംഘട്ടത്തിൽ ഇവിടെനിന്നു വീടുകളിലേക്ക് കണക്ഷൻ നൽകുന്ന ജോലികളും തുടങ്ങും.

സിഎൻജി വാഹനങ്ങൾക്ക് നൽകാനുള്ള പമ്പുകളും പ്രവർത്തിപ്പിക്കാം. ടെൻഡർ നടപടികളിലൂടെയാണ് ജില്ലകളിലെ വിതരണച്ചുമതല നൽകുന്നത്. തിരിച്ചറിയൽരേഖ നൽകി വീടുകളിലേക്ക് കണക്ഷനെടുക്കാം. രണ്ട് വർഷത്തിൽ പദ്ധതി പ്രവർത്തിച്ചു തുടങ്ങുമെന്നാണ് സൂചന.

വീടുകളിലേക്ക് പൈപ്പുകളിലൂടെ പ്രകൃതിവാതകം വിതരണം ചെയ്യുന്നതിന് മുന്പായി അതത് പ്രദേശങ്ങളിൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ പൈപ്പ് വഴി കണക്ഷൻ വേണ്ട വീടുകൾ, പൈപ്പ് ലൈൻ കടന്നുപോകുന്ന റോഡുകൾ എന്നിവയെക്കുറിച്ചുള്ള സർവേയും ആവശ്യമാണ്.

ജില്ലയിൽ രണ്ടുമാസത്തിനകം ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നു പദ്ധതിയുടെ ചുമതലയുള്ള ഷോലാ ഗ്യാസ് കമ്പനി അധികൃതർ വ്യക്തമാക്കി. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ സിറ്റിഗ്യാസ് പദ്ധതി ഈ കമ്പനിയാണ് നടപ്പാക്കുന്നത്. നിലവിൽ കോട്ടയം ജില്ലയിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ഒരുകിലോ വാതകത്തിന് 56 രൂപ**

അപകടരഹിതവും ചെലവുകുറഞ്ഞതുമായ രീതിയാണ് സിറ്റി ഗ്യാസ് പദ്ധതി. എൽപിജിയേക്കാൾ 25 മുതൽ 30 ശതമാനം ചെലവുകുറവാണ്. മുഴുവൻ സമയവും പാചകവാതകം ലഭ്യമാകുമെന്നതാണ് സിറ്റി ഗ്യാസിൻറെ മറ്റൊരു പ്രധാന ആകർഷണം.

പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾക്കും പാചകവാതകം ലഭ്യമാക്കും. കിലോ അളവലാണ് വാതക ഉപയോഗത്തിൻറെ കണക്കെടുക്കുക.

ഒരു കിലോ പാചകവാതകത്തിന് 56 രൂപയാണ് ഈടാക്കുന്നത്. വാഹനങ്ങളിൽ ഉപയോഗിക്കുന്ന സിഎൻജി അഥവാ കംപ്രസ്ഡ്നാച്ചുറൽ ഗ്യാസിന് കിലോഗ്രാമിന് 85 രൂപയാണ് വില.

കണക്ഷനുവേണ്ടി പൈപ്പിടുന്ന ജോലികൾ മുതൽ സ്റ്റൗ ബർണറുകൾ മാറ്റുന്നതുവരെയുള്ള പ്രവൃത്തികൾ മുഴുവനും ചെയ്യുന്നത് ഉത്തരവാദിത്വപ്പെട്ട കമ്പനിയായിരിക്കും. ഇവയുടെ ചെലവായി ഉപഭോക്താക്കളിൽനിന്നും 5,0006,000 രൂപ ഈടാക്കും. കണക്ഷൻ എടുത്ത ഉപഭോക്താവ് മാസങ്ങളോളം സ്ഥലത്തില്ലെങ്കിൽ അധികൃതരെ നേരത്തേ അറിയിച്ച് വിച്ഛേദിക്കണം.

പിന്നീട് വീണ്ടും കണക്ഷൻ എടുക്കാൻ പ്രത്യേകം ഫീസും ഈടാക്കില്ല. രണ്ടു മാസത്തിലൊരിക്കൽ കമ്പനിയുടെ ഉദ്യോഗസ്ഥൻ സ്ഥലത്തെത്തി എടുക്കുന്ന മീറ്റർ റീഡിംഗിൻറെ അടിസ്ഥാനത്തിലായിരിക്കും ബില്ല്? നൽകുക. ഉപയോഗിക്കുന്ന ഗ്യാസിനു മാത്രം ബിൽ നൽകിയാൽ മതിയാകും.

# ദാനമായി ലഭിച്ച സ്വർണവള വിറ്റ് 18 കുടുംബങ്ങൾക്ക് സഹായമെത്തിച്ചു

പെരുവ: ദാനമായി ലഭിച്ച സ്വർണവള വിറ്റു ലഭിച്ച പണമുപയോഗിച്ചു 18 കുടുംബങ്ങൾക്ക് സഹായമെത്തിച്ചു. ജോലിയിൽനിന്നു വിരമിക്കുന്ന സമയത്തു സഹപ്രവർത്തകർ സമ്മാനമായി നൽകിയ സ്വർണവള ബാങ്ക് ജീവനക്കാരി പെരുവയിലെ സൗഹൃദയ ചാരിറ്റബിൾ സൊസൈറ്റിക്കു കൈമാറിയിരുന്നു. ഈ വള വിറ്റു കിട്ടിയ പണമുപയോഗിച്ചാണ് പതിനെട്ട് കുടുംബങ്ങൾക്ക് സഹായമെത്തിച്ചത്. മുളക്കുളം പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് ജീവനക്കാരിയായ മറ്റത്തിൽ ഷൈലകുമാരിയാണ് സർവീസിൽനിന്നു വിരമിച്ച സമയത്ത് ബാങ്കിലെ ജീവനക്കാർ നൽകിയ പാരിതോഷികമായ ഒന്നേകാൽ പവൻ സ്വർണവള സൗഹൃദ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡൻറ് ടി. എം. സദനു കൈമാറിയത്. നിർധനരായ രോഗികളുടെ ചികിത്സയ്ക്കായി സ്വർണവള വിറ്റുകിട്ടുന്ന പണം മരുന്നുവണ്ടിയിൽ കൂടി വിതരണം ചെയ്യണമെന്ന് ഷൈല അറിയിച്ചിരുന്നു. ഇതനുസരിച്ചാണ് വള വിറ്റുകിട്ടിയ 60, 520 രൂപ 18 രോഗികൾക്ക് ചികിത്സാ സഹായമായി വിതരണം ചെയ്തത്. സൊസൈറ്റി വൈസ് പ്രസിഡൻറ് പി. ജയശങ്കർ സഹായ വിതരണം ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് ടി. എം. സദൻ, എൻ. ഒ. ബേബി, ശശികുമാർ മങ്ങാട്ട് എന്നിവർ പങ്കെടുത്തു.

# കിണർ വൃത്തിയാക്കാൻ ഇറങ്ങിയ യുവാവ് ശ്വാസം മുട്ടി മരിച്ചു

കൊട്ടാരക്കര: വീട്ടിലെ കിണർ വൃത്തിയാക്കാൻ ഇറങ്ങിയ യുവാവ് ശ്വാസതടസമുണ്ടായി മരിച്ചു. നെടുവത്തുർ പുതുവലിൽ പുത്തൻവീട്ടിൽ നിസാമുദീൻ (38) ആണ് മരിച്ചത്. കഴിഞ്ഞ ദിവസം 11.30 ഓടെ ആയിരുന്നു സംഭവം. സുഹൃത്തുക്കളോടൊപ്പം സ്വന്തം വീട്ടിലെ കിണർ വൃത്തിയാക്കാൻ ഇറങ്ങിയ നിസാമുദീന് ഓക്സിജൻറെ അഭാവംമൂലം ശ്വാസ തടസം അനുഭവപ്പെടുകയായിരുന്നു. കൂട്ടുകാർ രക്ഷപെടുത്താൻ ശ്രമം നടത്തിയെങ്കിലും പരാജയപ്പെട്ടു. തുടർന്ന് കൊട്ടാരക്കരയിൽ നിന്നും അഗ്നിശമന സേനയെത്തി നിസാമുദീനെ കിണറിൽ നിന്നും പുറത്തെടുത്തു. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്കു വിട്ടുനൽകും. പിതാവ്: അബ്ദുൽ അസീസ്. മാതാവ്: സൈനബാ ബീവി. ഭാര്യ: ഷഫ്ന. മകൻ: മുഹമ്മദ് സമീം.

# കിണറിൽ അകപ്പെട്ടയാളെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി

തൊടുപുഴ: വൃത്തിയാക്കുന്നതിനിടെ കിണറിനുള്ളിൽ അകപ്പെട്ടയാളെ ഫയർഫോഴ്സ് രക്ഷപ്പെടുത്തി. നാകപ്പുഴ തട്ടാംപറന്പിൽ വിജയൻ (62) ആണ് കിണറിനുള്ളിൽ അപകടത്തിൽപ്പെട്ടത്. ഇന്നലെ രാവിലെ ഒന്പതോടെയായിരുന്നു സംഭവം. പാറക്കടവിന് സമീപം പുത്തൻപുരയ്ക്കൽ സുദർശൻ എന്നയാളുടെ പുരയിടത്തിലെ കിണർ വൃത്തിയാക്കാൻ എത്തിയതായിരുന്നു.

കിണറിൽ ഓക്സിജൻ ലഭിക്കാതെ വന്നതോടെ വിജയൻ അവശനായി. കയറിൽ പിടിച്ച് മുകളിലേക്ക് കയറുന്നതിനിടെ വീണ്ടും കിണറ്റിലേക്ക് വീഴുകയായിരുന്നു. തൊടുപുഴ അഗ്നിരക്ഷാ സേനയെത്തി കിണറ്റിലിറങ്ങി ഇയാളെ രക്ഷപ്പെടുത്തുകയായിരുന്നു. വീഴ്ചയിൽ ചെറിയ പരിക്കേറ്റ വിജയനെ വെങ്ങല്ലൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്റ്റേഷൻ ഓഫീസർ അബ്ദുൾ സലാം, അസി. സ്റ്റേഷൻ ഓഫീസർ കെ. എ. ജാഫർഖാൻ, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ ജൂബി തോമസ്, ജിനീഷ്കുമാർ, അഭിലാഷ്, ടി. കെ. വിവേക്, പി. എൻ. അനൂപ്, പി. ടി. ഷാജി, അനിൽകുമാർ എന്നിവരടങ്ങിയ സംഘമാണ് രക്ഷാപ്രവർത്തനം നടത്തിയത്.

# 301ാമത് സ്നേഹഭവനം എട്ടംഗ കുടുംബത്തിന്

പത്തനംതിട്ട: സാമൂഹിക പ്രവർത്തക ഡോ. എം. എസ്. സുനിൽ ഭവനരഹിതരായ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ കഴിയുന്ന നിരാലംബർക്ക് പണിത് നൽകുന്ന 301ാമത് സ്നേഹഭവനം മണ്ണടി കന്നിമല സൂര്യ ഭവനിൽ ആതിര അരുണിനും കുടുംബത്തിനുമായി ചിക്കാഗോ സിഎസ്ഐ ചർച്ചിൻറെ സഹായത്താൽ നിർമിച്ചു നൽകി. വീടിൻറെ താക്കോൽദാനവും ഉദ്ഘാടനവും ചർച്ച് അംഗമായ ശാമുവൽ ജോൺസനും സുശീല ജോൺസനും ചേർന്ന് നിർവഹിച്ചു. വർഷങ്ങളായി സ്വന്തമായി ഭവനം ഇല്ലാതെ സുരക്ഷിതമല്ലാത്ത സാഹചര്യത്തിലായിരുന്നു ആതിരയും ഭർത്താവ് അരുണും മൂന്ന് പെൺകുഞ്ഞുങ്ങളും കഴിഞ്ഞിരുന്നത്. പ്രായമായ അച്ഛനും രോഗികളായ അമ്മയും സഹോദരിയും അടങ്ങുന്നതായിരുന്നു ഇവരുടെ കുടുംബം. അരുൺ കൂലിവേല ചെയ്തു കൊണ്ടുവരുന്ന ചെറിയ വരുമാനം മാത്രമായിരുന്നു എട്ടംഗ കുടുംബത്തിൻറെ ഏക ആശ്രയം. സ്ഥല പരിമിതി മൂലം രണ്ട് നിലകളിലായി രണ്ട് മുറികളും അടുക്കളയും ഹാളും ശുചിമുറിയും സിറ്റൗട്ടും അടങ്ങിയ വീട് നിർമിച്ചു നൽകുകയായിരുന്നു.

# ആരോഗ്യമന്ത്രി നിലപാട് മാറ്റിയത് നിൽക്കക്കള്ളിയില്ലാതെ: പുതുശേരി

തിരുവല്ല: കോഴിക്കോട് മെഡിക്കൽ കോളജ് സംഭവത്തിൽ ഹൈക്കോടതി നിർദേശം പാലിക്കുമെന്നാണ് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ഇക്കാര്യത്തിൽ ഉണ്ടായ ജാള്യം മറയ്ക്കാനും ജനങ്ങളെ തെറ്റിധരിപ്പിക്കാനും ലക്ഷ്യം വച്ചുള്ളതാണെന്ന് കേരള കോൺഗ്രസ് വൈസ് ചെയർമാൻ ജോസഫ് എം. പുതുശേരി.

അതിജീവിതക്കൊപ്പം നിന്നതിൻറെ പേരിൽ സ്ഥലം മാറ്റിയ സീനിയർ നഴ്സിംഗ് ഓഫീസർ പി. ബി. അനിതയെ ഏപ്രിൽ ഒന്നിനു വരുന്ന ഒഴിവിൽ കോഴിക്കോട് മെഡിക്കൽ കോളജിൽ തന്നെ നിയമിക്കണമെന്ന് മാർച്ച് ഒന്നിന് ഹൈക്കോടതി നൽകിയ ഉത്തരവ് നടപ്പാക്കാതെ പീഡകർക്കൊപ്പം നിലയിറപ്പിക്കുകയായിരുന്നു ആരോഗ്യമന്ത്രി.

ഒടുവിൽ അനിതയുടെയും അതിജീവിതയുടെയും സമരവും വ്യാപകമായ പ്രതിഷേധവും ഉയര!ന്നപ്പോഴാണ് നിൽക്കക്കള്ളി ഇല്ലാതെ കണ്ണിൽ പൊടിയിടാനുള്ള ഉത്തരവെങ്കിലും ഇറക്കിയത്. വസ്തുത ഇതായിരിക്കേ, കോടതിവിധി അനുസരിക്കുമെന്നാണ് മന്ത്രി പറഞ്ഞതെന്ന മുഖ്യമന്ത്രിയുടെ വ്യാഖ്യാനം വീണിടത്ത് കിടന്നു ഉരുളുന്നതിന് തുല്യമാണ്. ശസ്ത്രക്രിയ കഴിഞ്ഞ് അർധബോധാവസ്ഥയിൽ ഐസിയുവിൽ കഴിഞ്ഞ യുവതിയെ പീഡിപ്പിച്ച പാർട്ടി യൂണിയനിൽപെട്ട പീഡകനേയും അതിജീവിത നൽകിയ മൊഴിമാറ്റി പറയാൻ അവരെ നിർബന്ധിച്ച മറ്റുള്ളവരെയും സംരക്ഷിക്കാനാണ് മന്ത്രി നഗ്നമായ ഈ കോടതി അലക്ഷ്യം കാട്ടിയത്. എന്നിട്ട് താൻ അതിജീവിതയ്ക്കൊപ്പമാണെന്ന വായ്ത്താരി ആവർത്തിച്ചിട്ട് കാര്യമില്ലെന്നും പുതുശേരി പറഞ്ഞു.

മന്ത്രി തന്നോടൊപ്പം അല്ല എന്ന് വ്യക്തമായിരിക്കുന്നെന്ന് അതിജീവിത തന്നെ പരസ്യമായി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ആത്മാഭിമാനം അല്പമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ മന്ത്രി രാജിവച്ചൊഴിയുകയാണ് വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# മാനസികോല്ലാസം ശരീരത്തിന് പ്രധാനപ്പെട്ടത്

വൈകാരികവും മാനസികവും സാമൂഹ്യവുമായ ക്ഷേമം നിലനില്ക്കാൻ വ്യക്തികളുടെ മാനസികാരോഗ്യം അത്യന്താപേക്ഷിതമാണ്. രോഗങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ പ്രായാധിക്യം ഇവയെല്ലാം മാനസികാരോഗ്യത്തിന്റെ താളം തെറ്റിക്കുന്നവയാണ്. വിഷാദരോഗമുള്ളവർ, കൂടാതെ ഹൃദ്രോഗം, പ്രമേഹം, പക്ഷാഘാതംപിടിപെട്ടവർ ഇവരുടെയൊക്കെ പെരുമാറ്റത്തിൽ അസാധാരണത്വം കാണാനാവും. ഇവയക്ക് പുറമേ സാമ്പത്തിക ബുദ്ധിമുട്ട്, വിശ്രമമില്ലാതെ തുടരെതുടരെയുള്ള ജോലി, ആവശ്യങ്ങൾ നേടാനുള്ള പരിമിതിയോ കഴിവോ നഷ്ടമാകുക. ഇവയെല്ലാം മോശം മാനസികാരോഗ്യത്തിന് കാരണമാകാം. ഇവയക്ക് പുറമേ മാനസികാഘാതങ്ങൾക്ക് കാരണമാകുന്ന ചില അനഭവങ്ങളുമുണ്ട്. അമിത മദ്യപാനം, മയക്കുമരുന്നുകളുടെ ദുരുപയോഗം, കരുതിവെച്ച പണം നഷ്ടമാകുക, പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത വിയോഗം, വളരെ നാളത്തെ ഏകാന്തതയും തന്മൂലമുള്ള ഒറ്റപ്പെടൽ എന്നിവയും. മാത്രമല്ലാ, അമർത്തപ്പെടുന്ന വികാരങ്ങളിൽ പലതും പെരുമാറ്റത്തെ സ്വാധീനിക്കുകയും വികലമാക്കുകയും ചെയ്യാം. അങ്ങനെ സ്വാഭാവികമായ പലതും വേഷം മാറി പുറത്തു പ്രകടമാകാം. അങ്ങനെ മാനസിക വൈകല്യമുണ്ടാകാനുള്ള കാരണങ്ങൾ പലതാണ്. അത് കണ്ടെത്തുവാൻ ഒരു സൈക്യാട്രിസ്റ്റിനേ കഴിയൂ.

മനസ്സിന്റെ താളം തെറ്റിക്കുവയാണ് മാനസിക രോഗങ്ങളെ പറയേണ്ടതില്ലല്ലോ. വിചാരം, വികാരം, ബുദ്ധി, ഓർമ്മശക്തി, തീരുമാനമെടുക്കാൻ കഴിയാതാവുക, സംസാരത്തിലും പെരുമാറ്റത്തിലും അസ്വാഭാവികത അനുഭവപ്പെടുക, പെട്ടെന്നു ക്ഷുഭിതരാകുക, അപ്രതീക്ഷിതമായി പ്രകോപിതരാകുക, പെരുമാറ്റത്തിലെ അസ്വാഭാവികത എന്നിവ തൊഴിൽ നഷ്ടപ്പെടാനും ഒറ്റപ്പെടാനും മാത്രമല്ലാ മറ്റുള്ളവരിൽ നിന്നുള്ള ശാരിരിക ഉപദ്രവങ്ങൾക്കും കാരണമാകാം.

നമ്മുടെ ദൈനംദിന ജീവിതത്തിൽ ശാരീരികാരോഗ്യം പോലെ മാനസികാരോഗ്യത്തിനും വലിയ പങ്കുണ്ട്. ശരീരത്തിലെ മറ്റേതൊരു അവയവത്തിനുമുണ്ടാകുന്ന പോലെ മനസ്സിനും രോഗം പിടിപെടാം. തലച്ചോറിലെ ജൈവഘടകങ്ങൾ രാസ സന്തുലിതാവസ്ഥ (Chemical equilibrium) എന്നി വയും ഇതിനു മറ്റൊരു കാരണമായ് കാണാം. മസ്തിഷ്കത്തിൽ ന്യൂറോട്രാൻസ്മിറ്ററുകൾ എന്ന് വിളിക്കപ്പെടുന്ന അമിതമായതോ അപര്യാപ്തമായതോ ആയ രാസസന്ദേശവാഹകരുള്ളപ്പോൾ തലച്ചോറിൽ ഒരു രാസ അസന്തുലിതാവസ്ഥ സംഭവിക്കാം. നാഡീകോശങ്ങൾ തമ്മിലുള്ള ആശയവിനിമയം സുഗമമാക്കാൻ സഹായിക്കുന്ന പ്രകൃതിദത്ത രാസവസ്തുക്കളാണ് ന്യൂറോട്രാൻസ്മിറ്ററുകൾ. മസ്തിഷ്ക്കത്തിലെ ന്യൂറോണുകൾ തമ്മിലുള്ള ആശയവിനിമയം വിഷാദരോഗത്തിന് കാരണമാകാം.

ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യപ്പെടുതിനാൽ ഇര നേരിടുന്ന മാനസിക ശാരീരിക അവശതകളും, മാതാപിതാക്കൾ തമ്മിലുള്ള വഴക്കുകൾക്കു സാക്ഷ്യ ങ്ങളാകുമ്പോഴുള്ള മാനസികാവസ്ഥയും, കഠിനമായ ശാരീരിക ശിക്ഷകൾ ഏൽക്കുമ്പോഴുള്ള മാനസിക വ്യഥയും കുട്ടികളുടെ മാനസികാരോഗ്യത്തെ ദോഷമായി ബാധിക്കാം.

ജീവിതത്തിലുണ്ടാകുന്ന സമ്മർദ്ദങ്ങളെ അതിജീവിക്കാനും തങ്ങളുടെ കഴിവുകൾ തിരിച്ചറിയാനും, ആത്മവിശ്വാസം നേടാനുമായി വിദ്യാഭ്യാസം ചെയ്യാനും മികച്ച ജോലി കണ്ടെത്താനും പ്രാപ്തമാക്കുക വഴി കുടുംബത്തിനും നാടി നും വേണ്ട ക്ഷേമകരമായ പ്രവർ ത്ത നത്തിലേർപ്പെടാനുള്ള മാനസികാവസ്ഥയാണ് മാനസികാരോഗ്യം. വ്യക്തിപരവും സാമൂഹ്യവും സാമ്പത്തികവുമായ വികാസത്തിനാവശ്യം വേണ്ട മാനസികവും ശാരീരികവുമായ ആരോ ഗ്യം നമ്മുടെ അടിസ്ഥാനപരമായ അവകാശമാണ്. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ദുരിതങ്ങളുണ്ടാവാതെ അവനവന്റെ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ ഇതാവശ്യമാണ്. സ്വയം ഉപദ്രവമാകാനും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകുവാനും മാനസികവൈകല്യം കാരണമാകുന്നു.

ശാരീരികവും മാനസികവും, സാമൂഹ്യവും ധാർമ്മികവുമായ ജീവിതവ്യാപാരങ്ങളുടെ പൊരുത്തമാണ് ആരോഗ്യമെന്നു പറയാം. മനസ്സും ശരീരവും പരസ്പരം പൊരുത്തപ്പെട്ടിരിക്കുതിനാൽ ശരീരത്തിന്റെ തകരാറ് മനസ്സിനേയും മനസ്സിന്റെ തകരാറ് ശരീരത്തേയും ബാധിക്കും.

തലച്ചോറിന്റെ പ്രവർത്തനം ക്രമാനുഗതമായിരുന്നാൽ മാത്രമേ ആരഗ്യകരമായ ജീവിതവും ജീവിത വീക്ഷണവും ഉണ്ടാവുകയുള്ളൂ. നമ്മുടെ തലച്ചോറിന് മൂന്നു ഭാഗങ്ങളുള്ളതായി കരു താം. അവയെ അടിഭാഗം, മദ്ധ്യഭാഗം, ഉപരിഭാഗം എന്നിങ്ങനെ വിഭജിച്ച് പരിശോധിക്കാം.
ശ്വസനം, നെഞ്ചിടിപ്പ്, രക്തസമ്മർദ്ദം മുതലായവയെല്ലാം നിയന്ത്രിക്കുന്നത് അടിഭാഗമാണ്. ഇവയുടെ പ്രവർത്തനത്തിലുണ്ടാകുന്ന മാന്ദ്യം, കേടുപാടുകൾ ബോധം നഷ്ടപ്പെടാനോ മരണത്തിനോ കാരണമാകാം.

സുഖം, ദുഃഖം, ആകാംക്ഷ, തുടങ്ങിയ വികാരങ്ങളും, വിശപ്പ്, ദാഹം, ബോധം, ലൈംഗികാവേശം തുങ്ങിയ ശരീരികചോദനകളും നിയന്ത്രിക്കുന്നത് മദ്ധ്യഭാഗമാണ്.

ഭാഷ, വിചാരം, സംസാരം, ഓർമ്മ, തീരുമാനം, സാമൂഹ്യബോധം എന്നിവയെല്ലാം ഉപരിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭ്രൂണാവസ്ഥയിൽ തന്നെ തലച്ചോറിന്റെ വികാസം ആരംഭിക്കുകയും, രണ്ടുവയസ്സാകുമ്പോഴേക്ക് അതിന്റെ വളർച്ച ഏതാണ്ട് പൂർ ണ്ണാവസ്ഥയിലാകുകയും ചെയ്യു ന്നു. തലച്ചോറിനാവശ്യമായ പോക്ഷകാഹാരങ്ങൾ ഈ സമയത്ത് വളരെ അത്യാവശ്യമാണ്.

ഒരാളുടെ മാനസികാവസ്ഥയും പെരുമാറ്റവും എല്ലായ്പോഴും ഒരുപോലെയാകണമെില്ല. ആഹ്ലാദം, ദുഃഖം, കോപം, വികാരം, ആവേശം തുടങ്ങി അനേകം അവസ്ഥാവിശേഷങ്ങൾ മനസ്സിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതായത് സമയത്തിനും സമ്മർദ്ദത്തിനുമനുസരിച്ച് പെരുമാറ്റരീതികളിൽ മാറ്റമുണ്ടാകുന്നു എന്നു കരുതാം. ജീവിതവീക്ഷണം, അറിവ്, ബാഹ്യസംഭവങ്ങൾ, സാമൂഹ്യബന്ധങ്ങൾ, യുക്തിബോധം തുടങ്ങി പലതുമായി ബന്ധപ്പെട്ടാണ് വ്യക്തികളുടെ പെരുമാറ്റം നിലകൊള്ളുത്.

വ്യക്തിയുടെ വൈകാരിക നിയന്ത്രണം അല്ലെങ്കിൽ പെരുമാറ്റം എന്നിവയിലെ അസ്വസ്ഥതയാണ് വിഭ്രാന്തിക്ക് കാരണമാകുത്. 2019-ൽ ഒരോ എട്ടുപേരിൽ ഒരാൾ എന്ന കണക്കിന് അതായത് ലോകമെമ്പാടുമുള്ള 970 ദശലക്ഷം പേരും



ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള മാനസിക വിഭ്രാന്തിയിൽ ജീവിക്കുതായി ലോകാരോഗ്യസംഘടന കണ്ടെത്തിയിട്ടുണ്ട്. എന്നാൽ രണ്ടായിരത്തിയിരുപതിൽ കോവിഡ് 19 എന്ന പാൻഡമിക് കാരണം ഉത്ക്കണ്ഠയും, വിഷാദരോഗവും ഗണ്യമായി വർദ്ധിച്ചതായി കാണുന്നു. ഉത്ക്കണ്ഠയെ സംബന്ധിച്ചിടത്തോളം 26 ശതമാനത്തിന്റേയും, വിഷാദരോഗങ്ങളുടെത് 28 ശതമാനത്തിന്റേയും മുൻപ് റിപ്പോർട്ട് ചെയ്തതിനേക്കാളും വർദ്ധനവുണ്ടായിട്ടു ണ്ടെന്ന് കണക്കാക്കുന്നു. അമിത ഭയവും, ഉത്ക്കണ്ഠയും അതുമായി ബന്ധപ്പെട്ട പെരുമാറ്റവൈകല്യങ്ങളുമാണ് വിഷാദരോഗികളിൽ കൂടുതലായി കാണാനാവുന്നത്. ആൻസൈറ്റിഡിസോഡർ, പാനിക്ഡിസോഡർ, സോഷ്യൽ ആൻസൈറ്റിഡിസോഡർ, ബൈപോളാർ ഡിസോഡർ തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്ന രോഗങ്ങളാണ്.

## മനോരോഗലക്ഷണങ്ങൾ

1. രാത്രി ഉറക്കകുറവ്, അല്ലെങ്കിൽ അത് തീരെ ഇല്ലാത്ത അവസ്ഥ. പകലാണെങ്കിൽ ഉന്മേഷക്കുറവ്, ഒന്നിലും താല്പര്യമില്ലായ്മയും.
2. വിശപ്പില്ലായ്മ, അതുകൊണ്ട് തന്നെ രുചിയില്ലായ്മ, വിശപ്പുതോന്നിയാലും ആഹാരത്തോട് വിരക്തി തോന്നുക, തന്മൂലം ശരീരത്തിനുണ്ടാകുന്ന ഭാരനഷ്ടവും ഉണ്ടാവുക.
3. പതിവിനു വിപരീദമായി കൂടെകൂടെ മൂത്രമൊഴിക്കാൻ തോന്നുക, മലബന്ധമോ വയറിളക്കമോ ഉണ്ടാകുക. വസ്ത്രങ്ങളോ മറ്റുവസ്തുക്കളോ പരിസരമോ സ്വശരീരമോ മലം വിസർജ്ജിച്ച് മലിനമാക്കുക. ശുചിത്വമില്ലായ്മ കുളിക്കുതിലോ വസ്ത്രങ്ങൾ അലക്കുന്നതിലോ വിമുഖത കാണിക്കുക.
4. ലൈംഗികകാര്യങ്ങളിൽ താൽ പര്യം കുറയുകയോ ആസക്തി ഇല്ലാതെയോ വരിക. ചിലപ്പോൾ ഷണ്ഡത്വം സംഭവിക്കുന്നതു മൂലം ചിലർ ഇണകളെ വെറുക്കുകയോ അതുകാരണം രോഗികൾ സാഡിസ്റ്റുകളായി പെരുമാറുകയോ ചെയ്യാം.

## പെരുമാറ്റത്തിലെ തുടർച്ചയായ ക്രമാനുഗത മാറ്റങ്ങൾ

1. മറ്റുള്ളവരിൽ വെറുപ്പും സങ്കടവും ചിലപ്പോൾ പരിഹാസവും തോന്നിപ്പിക്കുന്ന പെരുമാറ്റമായിരിക്കും ഇവർക്ക്. അവരുടെ ചില പ്രവർത്തികൾ ചിലപ്പോൾ അപകടത്തിലേക്ക് നയിക്കാം. അസഭ്യവാക്കുകൾ വെറുതെ ഉച്ചരിക്കുക. പ്രകോപനം ഉണ്ടാക്കിയോ അല്ലാതെയോ മറ്റുള്ളവരെ ആക്രമിക്കുക. അല്ലെങ്കിൽ നിശബ്ദരായി സ്വന്തം ശാരീകാവശ്യങ്ങൾ നിറവേറ്റാതെ ഇരുന്നും കിടന്നും സമയം കളയുവരാകാം, ചില പ്പോൾ പാടിയോ ആടിയോ മറ്റുള്ളവരെ രസിപ്പിക്കാൻ ശ്രമിക്കാം, ചിലർ എല്ലാറ്റിനേയും എല്ലാവരേയും പേടിക്കുവരാകാം.
2. ഇവരിൽ ചിലർ സാഹചര്യത്തിനും സന്ദർഭത്തിനും യോജിക്കാത്തവിധത്തിലുള്ള വികാരപ്രകടനങ്ങൾ പ്രകടിപ്പിക്കുന്നവരാവാം. ചിലപ്പോൾ പ്രതിമപോലെ നിലകൊള്ളുവരോ അല്ലെങ്കിൽ അമിതമായി വാചാലരാകുകയോ, മൂകമായി കഴിയുന്നവരോ ആകാം. അനവസരത്തിൽ ചിരിക്കുകയോ കരയുകയോ ചെയ്യുക. ഇവരിൽ ചിലരുടെ സംസാരത്തിൽ വ്യക്തതയില്ലാതെ വരാം. ചോദിച്ചാൽ അത് നമുക്കറിയാത്ത ഭാഷയേ പറയും.
3. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം തുടങ്ങിയ പഞ്ചേന്ദ്രിയബോധം തിരിച്ചറിയാതിരിക്കുക. എന്നാൽ കേൾക്കാത്ത ശബ്ദങ്ങൾ കേട്ടതായി തോന്നുക, ആരും കാണാത്തത് കണ്ടതായി പറയുക, ദിവ്യത്വം ഉള്ളതായി ഭാവിച്ച് ദൈവാവതാരമെന്നു സ്വയം വിശേഷിപ്പിക്കുക, പരിചിതരെപോലും ശത്രുക്കളായി കരുതുക, ചിലർ ആക്രമിക്കാൻ വരുന്നതായോ വന്നതായോ തോന്നുക, പ്രേതപിശാചുക്കളെയും മരിച്ചവരുടെ ആത്മാക്കളെയും കണ്ടതായി വീമ്പിളക്കുക, ആ ആത്മാക്കൾ തന്റെ ശരീരത്തിൽ കൂടിയതായി ഭാവിച്ച് അവരെപോലെ സംസാരിക്കുകയോ അവരെ അനുകരിക്കുകയോ അവരുടെ ശബ്ദത്തിൽ സംസാരിക്കുകയോ ചെയ്യുക. ശരീരത്തിൽ പുഴുക്കൾ ഇഴയുന്നതായോ ശരീരം പൊള്ളുന്നതായോ നീറുന്നതായോ ഭാവിച്ച് പെരുമാറാം. വയറിനുള്ളിൽ കുതിരയോ പാമ്പോ മറ്റോ ഓടുകയോ ഇഴയുകയോ ചെയ്യുന്നതായി മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ വിവിധ ഭാവപ്രകടനങ്ങളിലൂടെ ശ്രമിക്കാം. മനോരോഗികളുടെ ഇത്തരം ദർശനങ്ങളെ ഭ്രമദർശനമെഠാ മായാദർശനമെന്നോ പറയാം.
4. ഓർമ്മശക്തി ഇല്ലാതിരിക്കുക, അതുകാരണം പല പ്രധാനകാര്യങ്ങളും മറന്നുപോവുക, ഏതാനും നിമിഷങ്ങൾക്കു മുൻപ് കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ പോലും വേഗത്തിൽ മറന്നുപോകാം. താനുപയോഗിക്കുന്ന സാധ നങ്ങൾ എവിടെയാണ് വെച്ച തെന്ന് പിന്നീട് മറന്നുപോകുക, അത് മാറ്റാരെങ്കിലും എടുത്തതായി ആരോപിക്കുക, അതിന്റെ പേരിൽ അവരുമായി വഴക്കടിക്കുക, അവരെ ദേഹോപദ്രവം ഏൽപ്പിക്കുക, ബന്ധുക്കളുടെ പേരുകൾ, സ്ഥലനാമങ്ങൾ എന്നിവ ഓർമ്മിക്കാൻ കഴിയാതിരിക്കുക അല്ലെങ്കിൽ മാറ്റിപറയുക, എവിടെയെങ്കിലും ചെന്നിട്ട് തിരികെ വരാനുള്ള വഴിതെറ്റുന്നതും ഈ രോഗികൾക്ക് സ്വാഭാവികമായി സംഭവിക്കാം.
5. ബുദ്ധിശക്തിയുടെ പരിമിതി കാരണം, തീരുമാനങ്ങളെടുക്കാനുള്ള കഴിവുകൾ ചിലരിൽ കുറവായി കാണുകയോ തീരെ ഇല്ലാതിരിക്കുകയോ ചെയ്യാം. പതിവായി വളരെ കൃത്യതയോടെ ചെയ്തിരുന്ന പ്രവർത്തികളിൽ പോലും തെറ്റുകൾ കണ്ടേക്കാം. ചിലപ്പോൾ ജോലി ചെയ്യുന്നതിൽ വിമുഖത പ്രകടിപ്പിക്കാം. ചെറിയ മനക്കണക്കുകൾ പോലും തെറ്റിക്കാം. ദൈനംദിനകാര്യങ്ങളിൽ മിക്കതിലും തെറ്റായ തീരുമാനങ്ങളെടുക്കുക വഴി വ്യക്തിക്കോ മറ്റുള്ളവർക്കോ അത് ഉപദ്രവമാകാം. ചില അവസരങ്ങളിൽ വേണ്ടപ്പെട്ടവർക്കോ തനിക്കോ അപകടങ്ങൾ സംഭവിക്കുമ്പോൾ നിർവ്വിഹാരമായി നിലകൊള്ളാം. തലച്ചോറിലെ ചില തകരാറുകാരണം ബന്ധുക്കളേയോ സ്നേഹിതരെയോ തിരിച്ചറിയാതിരിക്കാം. താനാരായിരുന്നെന്നോ തന്റെ തൊഴിൽ, പേര്, സ്ഥലം എന്നിവ ഉൾപ്പെടെ പലതും തെറ്റിച്ച് പറയാം.
6. **വ്യക്തിജീവിതത്തിലെ പെരുമാറ്റത്തിൽ കാണുന്ന വൈരുദ്ധ്യങ്ങൾ**

ബന്ധുക്കളോടോ സുഹൃത്തുക്കളോടൊ ഉള്ള പെരുമാറ്റത്തിൽ വ്യത്യാസം വരാം. അവരെ അവഗണിക്കുകയോ ബഹുമാനിക്കാതിരിക്കുകയോ അതല്ലാ ആക്ഷേപിക്കുകയോ ചെയ്യാം, അവർക്കുനേരെ ആയുധം മുഖേനയോ അല്ലാതേയോ ആക്രമണത്തിനു മുതിരാം, ചുരുക്കത്തിൽ ഇവരിൽ രണ്ടു വിധമുള്ള സ്വഭാവങ്ങൾ കാണാനാവും. എല്ലാറ്റിൽ നിന്നും ഒതുങ്ങി ഭയപ്പെട്ട് കഴിയുന്നവരോ, അല്ലെങ്കിൽ എല്ലാവരോടും അക്രമാസക്തമായി പെരുമാറുകയോ ചെയ്യുന്നവരുമാകാം.

**പ്രധാനപ്പെട്ട ചില മാനസിക രോഗങ്ങൾ**

ബുദ്ധിഭ്രമം (Phchosis) ഞരമ്പരോഗം (Neurosis), മറ്റുതരം മനോവൈകല്യങ്ങൾ. അവയെ മൂന്നായി വിഭജിക്കാം. 1. ചുഴലി 2. ബുദ്ധിമാന്ദ്യം, 3. കുട്ടികളിൽ കാണപ്പെടുന്ന ചില പെരുമാറ്റ വൈകല്യം.

## 1. ബുദ്ധിഭ്രമം– Phchosis

ഗുരുതരാവസ്ഥയിലുള്ള മതിഭ്രമമെന്നു പറയാവുന്ന രോഗമാണിത്. ശരിരത്തേയും മനസ്സിനേയും ഈ രോഗം ബാധിക്കാം. താൻ രോഗിയാണെുപോലുമറിയാതെ മരുന്നു കഴിക്കാതെ കഴിയുന്ന ഇവരെ പൊതുവിൽ ഭ്രാന്തനെന്നു മറ്റുള്ളവർ വിളിക്കാം. മെനിംജെറ്റിസ്, ടൈഫോയിഡ്, മലേറിയ, മുതലായ രോഗങ്ങളെ തുടർന്നോ, തൈറോയിഡ്, പിറ്റ്യൂട്ടറി തുടങ്ങിയ ഗ്രന്ഥികളുടെ തകരാറു നിമിത്തമോ മയക്കുമരുന്നുകൾ സ്റ്റിറോയിഡ് തുടങ്ങിയ മരുന്നുകളുടെ ദുരുപയോഗം നിമിത്തമോ മനോരോഗങ്ങളുണ്ടാവാം.

## 2. ഞരമ്പുരോഗം– Neurosis

ഒരു തരം ലഘുമാനസിക രോഗമെന്നു പറയാം. ഏതെങ്കി ലും വിധത്തിലുള്ള പ്രതിസന്ധി യോ അസ്വസ്ഥതയോ ഉണ്ടാകാവു അവസരങ്ങളിൽ രോഗിയിൽ പലവിധത്തിലുള്ള വൈകാരിക പ്രകടനം കാണാം. ചിലപ്പോഴത് അതിരുകടക്കുകയും വളരെ നേരം ആ അവസ്ഥയിൽ നീണ്ടുനില്ക്കുകയുമാവാം. ആകാംക്ഷ, ഭയം, ദുഃഖം, ദേഹമാസകലം വേദന തുടങ്ങിയ ശാരീരിക ലക്ഷണങ്ങൾ ഇത്തരം രോഗികളിൽ കണ്ടേക്കാം. രോഗ ത്തെ കുറിച്ച് ഇവർക്ക് ബോധ്യം വരുന്നതിനാൽ ഇക്കൂട്ടർ ചികിത്സയുമായി സഹകരിക്കുന്നതായി കണ്ടുവരുന്നൂ.

## 3. മറ്റു തരത്തിലുള്ള മനോവൈകല്യങ്ങൾ

ചുഴലി (Epilepsy) വല്ലപ്പോഴും മാത്രം പ്രകടമാകുന്നതാണ്. രോഗാക്രമേണ സമയത്ത് രോഗി ബോധം കെട്ടുവീഴുകയും കൈകാലുകൾ നിലത്തടിക്കുകയോ ഉരയ ക്കുകയോ ചിലപ്പോൾ രണ്ടു വിധത്തിലും പ്രവർത്തിക്കാം. ഈ രോഗം എല്ലാ പ്രായക്കാരിലും കാണാമെങ്കിലും കുട്ടികളിലും കൗമാരക്കാരിലുമാണ് കൂടുതലായി കണ്ടുവരുന്നത്.

## കുട്ടികളിൽ കാണുന്ന വിഷാദ രോഗം (depression)

തങ്ങളുടെ കുട്ടിക്ക് വിഷാദരോഗമാണെ് ഡോക്ടർമാർ പറഞ്ഞാൽപ്പോലും സമ്മതിക്കാൻ തയ്യാറാകാത്ത നിരവധി മാതാപിതാക്കൾ നമുക്കിടയിലുണ്ട്. തങ്ങളുടെ കുട്ടിയെ കുറിച്ചുള്ള അമിത മായ ആത്മവിശ്വാസവും, വാത്സല്യവുമാണ് ഇതിനു പിന്നിലെ കാരണങ്ങൾ. സ്ക്കൂളിൽ പഠിക്കുന്ന കുട്ടികളിൽ കാണുന്ന ചില വിഷാദരോഗങ്ങളുടെ ലക്ഷണങ്ങൾ ഇവയാണ്. സ്കൂളിൽ കൃത്യമായി ചെല്ലാതിരിക്കാൻ എന്തെങ്കിലും കാരണം പറയുക. സുഖമില്ലെ കാരണം പറയാം. ചിലപ്പോൾ മാതാപിതാക്കളെ പറ്റിച്ച് സ്ക്കൂളി ൽ പോകാതെ സമാന സ്വഭാവമുള്ളവരുമായി കറങ്ങി നടക്കാം, മദ്യപാനം പുകവലി മയക്കുമരുപയോഗം എന്നീ സ്വഭാവമുള്ളവരുമായി കൂട്ടുകൂടാം, അല്ലെങ്കിൽ സ്ഥലം വിട്ടുപോവുകയോ അതുമല്ലെങ്കിൽ താനിനി സ്ക്കൂളിൽ പോകുന്നില്ലെന്നും എന്തെങ്കിലും ജോലി ചെയ്ത് ജീവിക്കാമെന്നും പറയാം.

അച്ഛനമ്മമാർ തമ്മിലുള്ള വഴക്ക്, മാതാപിതാക്കളുടേയോ അല്ലെങ്കിൽ വേണ്ടപ്പെട്ടവരുടേയോ ഉറ്റ സഹൃത്തുകളുടേയോ വേർ പാട്, അല്ലെങ്കിൽ ഇവരാരെങ്കിലും തനിക്ക് ഇല്ലാതാകുമെന്ന ഭയം, സഹപാഠികളിൽ നിന്നോ അദ്ധ്യപകരിൽ നിന്നോ ഏൽക്കേണ്ടി വരുന്ന മാനസിക പീഢനം, അവരുടെ കളിയാക്കൽ, ഒറ്റപ്പെടുത്തൽ, റാഗിംങ്ങ് പോലുള്ള ക്രൂരവിനോദതത്തിനു വിധേയപ്പെടുക, സ്ഥല വും പരിസരവും വിട്ടു പോകൽ, ഇഷ്ട കൂട്ടുകാരിയുടെയോ കൂട്ടുകാരന്റെയോ വേർപിരിയൽ. ഇങ്ങനെ കാരണങ്ങൾ നിരവധിയാണ്. കുട്ടിക്കാലത്തെ വിഷാദരോഗവും പെരുമാറ്റത്തിലെ മാറ്റവുമൊന്നും ആദ്യമൊക്കെ കണ്ടുപിടിക്കാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ ചൈൽഡ് ഗൈഡൻസ് പരിശീലനം ലഭിച്ചവർക്ക് ഇതെളുപ്പം കണ്ടെത്താനും മാർഗ്ഗനിർദ്ദേശം നൽകാനും കഴിയുന്നതാണ്. സൈക്കോതെറാപ്പീ, സോഷ്യൽ വർക്കർമാരുടെ സഹായം, കുടുബത്തെ ഉൾപ്പെടുത്തികൊണ്ടുള്ള ഗ്രൂപ്തെറാപ്പീ, അല്ലെങ്കിൽ മരുന്നുനൽകിയുള്ള ചികിത്സ, ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ, വീട്ടിലേക്ക് വന്നുള്ള ചികിത്സ എന്നിങ്ങനെയുള്ള പലതും ഇക്കാലത്ത് ലഭ്യമാണ്. പ്ലേതെറാപ്പീ, മോഡലിംങ്ങ് എന്നിവയും ബന്ധപ്പെട്ടവരുടെ നിർദ്ദേശാനുസരണം കുട്ടിക്ക് ലഭ്യമാക്കാം.

## ചെറുപ്പക്കാർക്കിടയിലെ വിഷാദരോഗം.

കോളേജ് വിദ്യർത്ഥികൾക്കിടയിൽ കൂടുതലായി കണ്ടുവരു അസുഖമാണ് റിയാക്ടീവ് ഡിപ്രഷൻ. നിരാശയാണ് പ്രധാന ലക്ഷണം. ഇതുമൂലം പരീക്ഷകളിലും മറ്റും പരാജയം സംഭവിക്കാം. ഈക്കൂട്ടർ മിക്കവാറും മറ്റുള്ളവരിൽ നിന്നും തന്റെതന്നെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞ് ഏകാന്തമായിരിക്കുവാൻ താല്പര്യം കാണിക്കും. പഠനത്തിൽ ശ്രദ്ധിക്കാതിരിക്കുക. ഉറക്കം കുറയുക, സദാ സമയവും ചിന്തയിലാണ്ടിരിക്കുക മുതലായവയും ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്. സ്നേഹബന്ധങ്ങളിൽ സംഭവിക്കുന്ന പരാജയങ്ങൾ ഈ രോഗത്തിന് കാരണമാകാം.

## മദ്ധ്യവയസ്ക്കരിലെ വിഷാദം.

ഇൻവൊലൂഷണൽ ഡിപ്രഷൻ(Invovolutional dipression) എന്നാണ് ഈ അസുഖം അറിയപ്പെടുന്നത്. ശരീരത്തിലെ ഹോർ മോൺ ഗ്രന്ഥികളുടെ പ്രവർത്തനം മന്ദഗതിയിലാകുന്നതു മൂലമാണ് ഈ രോഗം കണ്ടുതുടങ്ങുന്നത്. ഹോർമോണുകളുടെ അഭാവത്തിൽ ഈ രോഗം കൂടുതലായി കാണുന്നത് സ്ത്രീകളിലാണ്. പുരുഷന്മാരിൽ അറുപതിനോടുക്കുമ്പോഴാണ് ഈ രോഗം കാണപ്പെടുന്നത്. ജോലിഭാരം കൂടുക, ഉത്തരവാദിത്വം വർദ്ധിക്കുക കുടുംബത്തിലെ ചില പ്രശ്നങ്ങൾ എന്നിവ ഈ രോഗത്തിനു കാരണമാകാം. മനസ്സിന്റെ രോഗം പിന്നീട് ഹൈപ്പോകോട്രിയ എന്ന ശാരിരികരോഗമായി പുറത്തു വരുതാണ് പതിവ്. ക്ഷിപ്രകോപിയായി കാണുക, കൂടകൂടെയുള്ള മരണ ഭയം, എല്ലാം നാശത്തിലേക്കാണെ ചിന്ത ഇതൊക്കെ ഈ രോഗലക്ഷണങ്ങളാണ്. ഈ രോഗം ആരംഭത്തിലെ കണ്ടെത്തുകയാണെങ്കിൽ സുഖപ്പെടുത്തുവാൻ എളുപ്പമാണ്. അല്ലെങ്കിൽ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ വേണ്ടിവരും

## സ്കിസോഫ്രീനിയ (Schezophrenia)

ചിത്തഭ്രമം, ഭ്രാന്ത് എന്നിങ്ങനെ അറിയപ്പെടുന്ന മാനസിക രോഗമാണിത്. ചിന്തിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനുമുള്ള കഴിവില്ലായ്മയാണ് ഈ അസുഖത്തിന്റെ ലക്ഷണം. പതിനഞ്ചിനും നാല്പത്തഞ്ചിനും ഇടയിലുള്ളവരെയാണ് ഈ രോഗം കൂടതലായി ബാധിക്കുന്നത്. നമ്മുടെ ജനസംഖ്യയിൽ ഏകദേശം ഒരു ശതമാനം പേരിൽ ഈ രോഗം ഉള്ളതായി കണക്കാക്കീട്ടുണ്ട്. സ്ത്രീകളേയും പുരുഷന്മാരേയും ഈ രോഗം പിടിപെടാം.

ചിലരിൽ കാണുന്ന ഭിവ്യക്തിത്വം (Split personality) ബഹുമുഖവ്യക്തിത്വം (Multiple personality) എന്നിവയൊക്കെ സ്കിസോഫ്രീനിയ എന്നു തെറ്റിദ്ധരിക്കാം.

എല്ലാവരോടും എല്ലാറ്റിനോടു താല്പര്യക്കുറവ്, ചിലപ്പോൾ ആക്രമണസ്വഭാവം കാണിക്കുക,

**മിഥ്യാബോധം–** അതായത് പലരീതിയിലുള്ള തെറ്റിധാരണകളും, സംശയങ്ങളും, മറ്റുള്ളവർ തന്നെ കുറിച്ച് സംസാരിച്ച് പരിഹസിക്കുകയാണെന്ന തോന്നൽ, മറ്റുള്ളവർക്ക് മനസ്സിലാകാത്തവിധവും കുഴഞ്ഞു മറിഞ്ഞ വിധവും സംസാരിക്കുക.

**മതിഭ്രമം–** രോഗി അശരീരി കേൾക്കുക, അല്ലെങ്കിൽ രോഗിയുടെ തലയ്ക്കുള്ളിൽ എന്തോ മുഴങ്ങുന്നതായി അനുഭവപ്പെടുക നിർവ്വികാരത്വം തോന്നുക. അതായത് വികാരം പ്രകടിപ്പിക്കാനുള്ള ശേഷി ഇല്ലാതിരിക്കുക, ചിലപ്പോൾ തനിക്ക് ചുറ്റും സംഭവിക്കുതൊന്നും അറിയാതിരിക്കുക. മേൽപ്പറഞ്ഞ എല്ലാ ലക്ഷണങ്ങളും ഒരാളിൽ തന്നെ കണ്ടു കൊള്ളണമെന്നില്ല.

ഈ രോഗത്തിനുള്ള കാരണങ്ങൾ ഇതുവരെ കണ്ടെത്തിയിട്ടില്ലെങ്കിലും തലച്ചോറിലെ ജൈവരസതന്ത്രവ്യസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് രോഗത്തിന് കാരണമാകുന്നതെന്ന് അനുമാനിക്കുന്നു. പാരമ്പര്യമായി ഈ രോഗം വരാനുള്ള സാധ്യത പത്തുശതമാനമേ കാണുന്നുള്ളൂ.

മനോരോഗികളെ ചികിത്സിപ്പിക്കുവാൻ ഇന്ന് പല രീതികളും നിലവിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് കൃത്യമായി മരുന്നുകൾ നൽകുക, ഷോക്ക് ട്രീറ്റ്മെന്റ് (ECT), മനസികാപഗ്രഥന ചികിത്സ, ദീർഘകാലം രോഗാവസ്ഥയിൽ കഴിഞ്ഞവർക്കുള്ള പുനരധിവാസം (അനുയോജ്യമായ മരു ന്നും, തൊഴിലും വിനോദത്തിനുള്ള അവസരം നൽകുകയും ചെയ്യുക എന്നിവ)

മനോരോഗികൾക്ക് പലവിധത്തിലുള്ള റിലാക്സേഷൻ രീതികളും നിലവിലുണ്ട്, ഡോക്ടറുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടവയാണ് അവയെല്ലാം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തിരിച്ചടിക്കുമെന്ന് ഇസ്രയേൽ

ടെൽ അവീവ്: ഇറാൻ ആക്രമിച്ചേക്കുമെന്ന റിപ്പോർട്ടിനെത്തുടർന്ന് ഇസ്രയേൽ തങ്ങളുടെ പൗരൻമാർക്ക് ജാഗ്രതാ നിർദേശം നൽകി. ഇറാൻറെ ഏതു ഭീഷണിയേയും നേരിടാനും ഏറ്റുമുട്ടലിനും തയാറാണെന്ന് ഇസ്രയേൽ അറിയിച്ചു.

ഏപ്രിൽ ഒന്നിനാണ് ഡമാസ്കസിലെ ഇറാൻറെ നയതന്ത്ര കാര്യാലയത്തിൽ വ്യോമാക്രമണം നടത്തി രണ്ടു ജനറൽമാരുൾപ്പെടെ 12 പേരെ ഇസ്രയേൽ വധിച്ചിരുന്നു. ഇതിനു പകരംവീട്ടുമെന്ന് ഇറാനും, അങ്ങനെ സംഭവിച്ചാൽ തിരിച്ചടിക്കുമെന്ന് ഇസ്രയേലും പ്രസ്താവിച്ചിരുന്നു.

ആക്രമണം സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തുവന്നതോടെ പശ്ചിമേഷ്യയിലെ തങ്ങളുടെ സേനാതാവളങ്ങളിൽ യുഎസും സുരക്ഷ ശക്തമാക്കി. ആക്രമണമുണ്ടായാൽ ഇസ്രയേലിൻറെ സഹായത്തിനെത്തുമെന്ന് യുഎസ് വ്യക്തമാക്കിയിട്ടുണ്ട്.

ഇറാനുമായി സംഘർഷം നിലനിൽക്കെ വടക്കൻ, മധ്യ ഗാസയിലെ ഹമാസ് കേന്ദ്രങ്ങളിൽ ഇസ്രയേൽ സേന ആക്രമണം ശക്തമാക്കി. മധ്യ ഗാസയിലെ നുസീറത്തിലെ അഭയാർഥി ക്യാന്പിൽ കഴിഞ്ഞ ദിവസം നടത്തിയ ആക്രമണത്തിൽ 25 പേർ കൊല്ലപ്പെട്ടതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു.

ഇറാൻ ഇസ്രയേൽ സംഘർഷ സാധ്യത നിലനിൽക്കേ ഈ രാജ്യങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരൻമാർക്ക് വിദേശകാര്യ മന്ത്രാലയം മുന്നറിയിപ്പ് നൽകി. ഇവിടങ്ങളിലുള്ള ഇന്ത്യക്കാരോടു ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടാനും പേര് രജിസ്റ്റർ ചെയ്യാനും നിർദേശിച്ചു.

# അബ്ദുൾ റഹീമിന്റെ മോചനം: നടപടിക്രമങ്ങൾ വേഗത്തിലാക്കി

## തുക ഉടൻ കൈമാറും

കോഴിക്കോട്: വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് റിയാദ് ജയിലിൽ കഴിയുന്ന കോഴിക്കോട് കോടമ്പുഴ സ്വദേശി അബ്ദുൾ റഹീമിന്റെ മോചന നടപടിക്രമങ്ങൾ വേഗത്തിലാക്കി റഹീം നിയമ സഹായ സമിതി പ്രവർത്തകർ. ഫെഡറൽ ബാങ്കിലും ഐസിഐസിഐ ബാങ്കിലുമായി ആപ്പ് മുഖേനയും ക്യുആർ കോഡ് മുഖേനയുംസമാഹരിച്ച തുക വിദേശകാര്യ മന്ത്രാലയത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റാനുള്ള പ്രാഥമിക കത്തിടപാടുകൾ നടന്നുകഴിഞ്ഞു. തുക പിന്നീട് സൗദിയിലെ ഇന്ത്യൻ എംബസിയിലേക്ക് ട്രാൻസ്ഫർ നടത്തും.

റഹീമിനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ആവശ്യമായ 34 കോടി രൂപ ചുരുങ്ങിയ ദിവസം കൊണ്ടാണ് സമാഹരിച്ചത്. റഹീമിന്റെയും സൗദി സ്വദേശിയുടെയും അഭിഭാഷകർ മുഖേന കോടതിയിൽ വിഷയം അവതരിപ്പിക്കുകയും മോചനദ്രവ്യം ലഭിക്കുന്നതോടെ വധശിക്ഷാ ആവശ്യത്തിൽ നിന്ന് പിന്മാറാമെന്ന് കുടുംബം കോടതിയിൽ സത്യവാങ്മൂലം നൽകുകയും ചെയ്യും. തുടർന്ന് കുട്ടിയുടെ കുടുംബത്തിന് കോടതി മുഖേന ഓപ്പൺ ചെയ്യുന്ന അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കും. ഇത്രയും കാര്യങ്ങൾ പൂർത്തിയാകുന്നതോടെ മാത്രമാണ് റഹീമിന്റെ മോചനം സാധ്യമാകുകയെന്ന് നിയമ സഹായ സമിതി പ്രവർത്തകർ വ്യക്തമാക്കി.

സൗദിയിൽ ഈദ് അവധി ദിനങ്ങളായതുകൊണ്ട് അടുത്ത ഞായറാഴ്ച മുതൽ മാത്രമേ കോടതികൾ പ്രവർത്തിച്ചു തുടങ്ങുകയുള്ളു. സാധാരണഗതിയിൽ ഇത്തരം നടപടിക്രമങ്ങൾക്ക് ഒരു മാസത്തോളമെങ്കിലും സമയമെടുക്കാറുണ്ട്. എന്നാൽ വളരെ പഴക്കമുള്ള കേസായതിനാൽ പെട്ടന്ന് തന്നെ തീർപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. മരിച്ച കുട്ടിയുടെ അഭിഭാഷകരും കുടുംബവും റഹീം നിയമ സഹായ സമിതി പ്രവർത്തകരും തമ്മിലുള്ള ഓൺലൈൻ യോഗം ഇന്നലെ നടന്നു.

34 കോടി രൂപ സമാഹരിച്ച കാര്യം സൗദി കുടുംബത്തെയും അഭിഭാഷകരെയും ഔദ്യോഗികമായി അറിയിച്ചിട്ടുണ്ട്. നടപടി ക്രമങ്ങളുടെ കാലതാമസം മാത്രമേ ബാക്കിയുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## വീട്ടുമുറ്റത്ത് കളിച്ച് കൊണ്ടിരുന്ന ഏഴു വയസുകാരിക്ക് പാമ്പുകടിയേറ്റ് ദാരുണാന്ത്യം

കോട്ടയം: വീട്ടുമുറ്റത്ത് കളിച്ച് കൊണ്ടിരുന്ന ഏഴു വയസുകാരി പാന്പുകടിയേറ്റ് മരിച്ചു. പാലാ പൈക ഏഴാം മൈലിൽ ആളുറുമ്പ് വടക്കത്തുശേരിയിൽ അരുൺ ആര്യ ദമ്പതികളുടെ മകളായ ആത്മജയാണ് മരിച്ചത്.

പാമ്പുകടിയേറ്റതിനെ തുടർന്ന് ഇന്ന് ഉച്ചയോടെയാണ് പാലാ ജനറൽ ആശുപത്രിയിൽ ആത്മജയെ എത്തിച്ചത്. വൈകുന്നേരത്തോടെ മരണം സംഭവിക്കുകയായിരുന്നു. അണലിയാണ് കടിച്ചതെന്നാണ് നിഗമനം.

കുരുവിക്കൂട് എസ്ഡിഎൽപി സ്കൂൾ രണ്ടാം ക്ലാസ് വിദ്യാർഥിനിയാണ് ആത്മജ. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

# ഇസ്രയേൽ കപ്പൽ പിടിച്ചെടുത്ത് ഇറാൻ; കപ്പലിൽ രണ്ട് മലയാളികളും

ന്യൂഡൽഹി: ഇസ്രയേൽ കമ്പനിയുടെ ഉടമസ്ഥതയിലുള്ള കപ്പൽ ഇറാൻ പിടിച്ചെടുത്തു. ദുബായിലേക്ക് പോകുകയായിരുന്ന കപ്പൽ ഹോർമുസ് കടലിടുക്കിൽ വച്ചാണ് ഇറാൻ സൈന്യം പിടിച്ചെടുത്തത്.

കപ്പലിൽ മലയാളികൾ ഉൾപ്പെടെയുള്ളവർ ഉണ്ട്. പാലക്കാട്, കോഴിക്കോട് സ്വദേശികളാണ് കപ്പിലുള്ളത്. ഇവരെ ബന്ധപ്പെടാൻ കഴിയുന്നില്ലെന്ന് ബന്ധുക്കൾ അറിയിച്ചു.

പിടിച്ചെടുത്ത കപ്പൽ ഇറാൻ തീരത്തേക്കു മാറ്റിയിരിക്കുകയാണ്. എംസിഎസ് ഏരീസ് എന്നു പേരുള്ള കണ്ടെയ്നർ കപ്പലാണ് പിടിച്ചെടുത്തതെന്ന് ഇസ്രായേൽ അധികൃതർ അറിയിച്ചു. ഇസ്രായേലിനെതിരെ ആക്രമണമുണ്ടാകുമെന്ന ഇറാൻറെ മുന്നറിയിപ്പിനു പിന്നാലെയാണ് പുതിയ സംഭവവികാസം. സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്ന് യുഎസ് സെൻട്രൽ കമാൻഡ് അറിയിച്ചു.

# ചർച്ചകൾ ഫലം കണ്ടു; പിവിആർ ഗ്രൂപ്പിൻെറ സ്ക്രീനുകളിൽ മലയാള സിനിമാ പ്രദർശിപ്പിക്കും

കൊച്ചി: നീണ്ട ചർച്ചകൾക്ക് ഒടുവിൽ പിവിആർ ഐനോക്സിൻറെ തിയറ്ററുകളിൽ മലയാള സിനിമ പ്രദർശിപ്പിക്കാൻ തീരുമാനമായി.

സിനിമയുടെ പ്രൊജക്ഷൻ ചെയ്യുന്ന കണ്ടൻറ് മാസ്റ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊഡ്യൂസേഴ്സ് അസോസിയേഷനുമായുള്ള തർക്കത്തെ തുടർന്ന് മൾട്ടിപ്ലക്സ് തിയറ്റർ ശൃംഖലയായ പിവിആർ ഐനോക്സിൻറെ തിയറ്ററുകളിൽ മലയാള സിനിമാ പ്രദർശിപ്പിച്ചിരുന്നില്ല.

രണ്ടുദിവസം മുമ്പാണ് മലയാള ചിത്രങ്ങളുടെ ബുക്കിങ്ങും പ്രദർശനവും പിവിആർ നിർത്തിയത്. ഇതോടെ പ്രദർശിപ്പിച്ചുകൊണ്ടിരുന്നതും വിഷു റിലീസിന് ഒരുങ്ങിയിരുന്നതുമായ സിനിമകൾക്ക് വലിയ നഷ്ടമാണ് ഉണ്ടായതെന്ന് സംവിധായകർ ചൂണ്ടിക്കാട്ടിയിരുന്നു.

കൊച്ചി നഗരത്തിൽ 22 സ്ക്രീനുകളും സംസ്ഥാന മൊട്ടാകെ 44 സ്ക്രീനുകളും പിവിആറിനുണ്ട്. പിവിആർ ഗ്രൂപ്പ് അധികൃതരുമായി ഓൺലൈനായി നടത്തിയ ചർച്ചയിലാണ് തർക്കം പരിഹരിച്ചത്.

## ട്രെയിൻ ഇടിച്ചു പരിക്കേറ്റ കാട്ടാന ചരിഞ്ഞു

പാലക്കാട്: റെയിൽ പാളം കടക്കുന്നതിനിടെ ട്രെയിൻ ഇടിച്ചു പരിക്കേറ്റ പിടിയാന ചരിഞ്ഞു. ബുധനാഴ്ച പുലർച്ചെ മൂന്നരയോടെയായിരുന്നു ആനയ്ക്കു പരിക്കേറ്റത്.

തുടർന്ന് അതീവ ഗുരുതരാവസ്ഥയിലായ ആനയ്ക്ക് ചികിത്സ നൽകിയിരുന്നെങ്കിലും ശനിയാഴ്ച വൈകുന്നേരം ആന ചരിയുകയായിരുന്നു.

ട്രെയിൻ ഇടിച്ച് പരിക്കേറ്റ് പിൻകാലുകൾക്കു പൂർണമായി ചലന ശേഷി നഷ്ടപ്പെടുകയും എഴുന്നേൽക്കാൻ സാധിക്കാത്ത അവസ്ഥയിലുമായിരുന്നു ആന.

ഇടിയുടെ ആഘാതത്തിൽ ആനയുടെ ആന്തരികാവയവങ്ങൾക്ക് പരിക്കേറ്റതായി വനംവകുപ്പ് അധികൃതർ റിപ്പോർട്ട് നൽകിയിരുന്നു.

കൊട്ടേക്കാട് റെയിൽവേ സ്റ്റേഷനു സമീപം റെയിൽ പാളം കടക്കുന്നതിനിടെയാണ് ആനയെ ട്രെയിൻ ഇടിച്ചത്.

# നെല്ലിയാന്പതി മലനിരകളിൽ കാട്ടുതീ പടരുന്നു

നെന്മാറ: വനം ഡിവിഷനിലെ നെല്ലിയാമ്പതി മലനിരകളുടെ പടിഞ്ഞാറു ഭാഗത്ത് പടർന്ന കാട്ടുതീ കൂടുതൽ ഭാഗങ്ങളിലേക്കു വ്യാപിച്ചു.

തിരുവഴിയാട് സെക്ഷൻ പരിധിയിൽനിന്നും പോത്തുണ്ടി സെക്ഷനിലേക്കും തീ പടർന്നു കയറി. രണ്ടു സെക്ഷനിലെയും വനംജീവനക്കാരുടെയും വാച്ചർമാരുടെയും നേതൃത്വത്തിൽ തീ അണയ്ക്കൽ നടപടികൾ തുടരുകയാണ്.

പകൽ സമയത്ത് ചൂടു കാറ്റും കുത്തനെയുള്ള മലഞ്ചെരുവും കരിയിലകൾ വീണുകിടക്കുന്നതും കൂടുതൽ പ്രദേശങ്ങളിലേക്ക് കാട്ടുതീ വ്യാപിക്കാൻ ഇടയാക്കി.

ചൊവ്വാഴ്ച ആരംഭിച്ച കാട്ടുതീ കൽച്ചാടി വനമേഖലയിലും എത്തി. കുന്നിൻ മുകളിലൂടെ പടർന്ന കാട്ടുതീ പോത്തുണ്ടി ഡാമിനു തെക്കുഭാഗത്തുള്ള വനമേഖലയെയും അഗ്നിക്കിരയാക്കി. പോത്തുണ്ടിതേക്ക് പ്ലാൻറേഷനു മുകൾഭാഗത്ത് കാട്ടിൽ പടരുന്ന തീ നിയന്ത്രിക്കാൻ ബ്ലോഗർ മെഷീനുകളുടെ സഹായത്തോടെ കരിയിലകൾ അടിച്ചുമാറ്റി നിയന്ത്രിക്കാൻ ശ്രമിക്കുന്നുണ്ട്.

പോത്തുണ്ടി നെല്ലിയാമ്പതി റോഡിലെ കുണ്ടാർചോലയ്ക്ക് തെക്ക് പടിഞ്ഞാറായുള്ള ഉയർന്ന കുന്നിൻ പ്രദേശങ്ങളിലെ പുൽമേടുകളാണ് പകലും കഴിഞ്ഞ രാത്രിയും കത്തിയമർന്നത്.

കൽച്ചാടി ഭാഗത്തുനിന്നും നെല്ലിയാമ്പതി മലയുടെ മുകൾ ഭാഗത്തിലേക്ക് തീ പടരുന്നത് തടയാനായി ബ്ലോവറുകൾ ഉപയോഗിച്ച് പുഴയുടെ സമീപത്തു കൂടി ഫയർ ബ്രേക്കറുകൾ നിർമിച്ചു കൊണ്ടിരിക്കുകയാണ്.

വനംവകുപ്പ് ജീവനക്കാർ കാട്ടിനകത്ത് തീ നിയന്ത്രണ നടപടികളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ മൊബൈൽ റേഞ്ച് ലഭ്യമല്ലാത്തതിനാലും കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.കൽച്ചാടിയിലേക്ക് പടർന്നു കയറിയ കാട്ടുതീ കർഷകനായ അബ്ബാസിൻറെ റബ്ബർ തോട്ടത്തിലേക്ക് ഉച്ചയോടെ പടർന്നു.

തൊഴിലാളികളും സമീപവാസികളും ചേർന്ന് ഈ അണച്ചതിനാൽ വ്യാപകമായ നാശം ഒഴിവായി.

കഴിഞ്ഞദിവസം രാത്രിയും നിരങ്ങൻപാറ, കൽച്ചാടി, ഭാഗങ്ങളിലെ കർഷകർ കൃഷിയിടങ്ങളിലേക്ക് തീ പടരുന്നത് തടയുന്നതിനായി കാവലിരുന്നു.

കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ട വനംജീവനക്കാർ വെള്ളവും ഭക്ഷണവും ലഭിക്കാതെയും കനത്ത ചൂടിലും വളരെ ബുദ്ധിമുട്ടിയാണ് കാട്ടുതീ നിയന്ത്രണവിധേയമാക്കുന്നത്.

## കല്ലന്തോട്ടിൽ കൃഷിയിടം ഉഴുതുമറിച്ച് കാട്ടുപന്നിക്കൂട്ടം

ചിറ്റൂർ: കല്ലന്തോട്ടിൽ കാട്ടുപന്നിക്കൂട്ടമെത്തി വീടിനു പിറകിലെ കുലവാഴകൾ കുത്തിവീഴ്ത്തി വ്യാപക നാശം വരുത്തി. പെരുമാട്ടി കല്ലന്തോട് തങ്കവേലുവിൻറെ വീട്ടിലാണ് സംഭവം. ചൊവ്വാഴ്ച രാത്രി 10.30നാണ് പന്നിക്കൂട്ടം എത്തിയത്. അപകടഭീതി കാരണം വീട്ടുകാർ പുറത്തിറങ്ങിയില്ല. പതിനഞ്ചു വാഴകൾ പിഴുതെറിഞ്ഞതിൽ എട്ടെണ്ണം കുലയ്ക്കാറായ വാഴകളാണ്.

കടുത്ത ജലക്ഷാമത്തിലും ഏറെ ശ്രദ്ധയോടെ പരിപാലിച്ച വാഴകളാണ് പന്നികൾ നശിപ്പിച്ചത്. പന്നികൾ സമീപത്തുതന്നെയുള്ള കവുങ്ങുതോട്ടത്തിലിറങ്ങി കുത്തി ഗർത്തമുണ്ടാക്കിയിട്ടുണ്ട്. നർണി കല്യാണപ്പേട്ട പ്രധാന പാതയ്ക്കരികിലാണ് തങ്കവേലുവിൻറെ വീടും തോപ്പുമുള്ളത്. രാത്രിസമയത്ത് ഇരുചക്രവാഹനത്തിൽ റോഡിൽ സഞ്ചാരിക്കാൻ യാത്രക്കാർ ഭയപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

# ആലുവ കോടതി സമുച്ചയം: പുതുക്കിയ രൂപരേഖ അംഗീകരിച്ചു

ആലുവ: ആലുവ കോടതി സമുച്ചയം നിർമിക്കാനായി പുതുക്കിയ കോടതി സമുച്ചയത്തിൻറെ രൂപരേഖ ഹൈക്കോടതി ബിൽഡിംഗ് കമ്മിറ്റി അംഗീകരിച്ചു. അഞ്ചു നില കെട്ടിടം നിർമിക്കാനാണ് രൂപരേഖ തയാറാക്കിയത്. പഴയ കെട്ടിടം പൊളിച്ചുനീക്കുള്ള നടപടികൾക്കും തുടക്കം കുറിച്ചു. കോടതിയുടെ പ്രവർത്തനം ജൂലൈ ഒന്നു മുതൽ ഒരു കിലോമീറ്റർ അകലെയുള്ള ബിഎസ്എൻഎൽ കെട്ടിടത്തിലേക്കു മാറ്റും.കോടതിക്ക് പുതിയ കെട്ടിടം നിർമിക്കാനുള്ള നീക്കത്തെ ജയിൽ വകുപ്പ് എതിർത്തിരുന്നു.എതിർവശത്തുള്ള സബ് ജയിലിലേക്ക് നോട്ടം കിട്ടുമെന്ന പ്രശ്നമുയർത്തിയാണ്എതിർത്തത്.തുടർന്ന് കെട്ടിടത്തിലെ ഒരു നില കുറയ്ക്കാനും അല്പം പിന്നിലേക്ക് നീക്കി കെട്ടിടം നിർമിക്കാനും രൂപരേഖയിൽ മാറ്റം വരുത്തി. ഈ രൂപരേഖയ്ക്കാണ് ഹൈക്കോടതി ബിൽഡിംഗ് കമ്മിറ്റി അംഗീകാരം നൽകിയത്. കെട്ടിടം പൊളിക്കുന്നതിന് മുമ്പായി ബിഎസ്എൻഎൽ കെട്ടിടത്തിൽ ഫർണീഷിംഗ് നടത്തും. 82 ദിവസങ്ങൾക്കുള്ളിൽ നിർമാണം പൂർത്തിയാക്കും.പുതിയ കോടതി കെട്ടിടത്തിന് രണ്ട് വർഷം മുമ്പ് 37 കോടി സർക്കാർ അനുവദിച്ചിരുന്നു. നിലവിലെ കോടതി കെട്ടിടവും ക്വാർട്ടേഴ്സും സ്ഥിതി ചെയ്യുന്ന 85 സെൻറ് സ്ഥലത്താണ് പുതിയ കെട്ടിടം നിർമിക്കുന്നത്.ഒരു മുൻസിഫ് കോടതി, രണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ എന്നിവയാണ് ബിഎസ്എൻഎൽ കെട്ടിടത്തിൽ പ്രവർത്തിക്കുക.

## ജൂനിയർ എൻജിനീയർ എക്സാം 2024

സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ നടത്തുന്ന ജൂനിയർ എൻജിനീയർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) പരീക്ഷ 2024ന് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 18നു രാത്രി 11.00 വരെ ഓൺലൈനായി അപേക്ഷിക്കാം. ജൂൺ നാലുമുതൽ ആറു വരെയാണ് പരീക്ഷ. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും https://ssc.gov.in, www.ssckkr.kar.nic.in.

# തത്തമംഗലം ചേമ്പൻകുളത്തിലെ പായൽ നീക്കി ഉപയോഗപ്രദമാക്കണം

തത്തമംഗലം: വൈദ്യുതി ഓഫീസിനു സമീപത്തുള്ള ചേമ്പൻ കുളത്തിൽ പായൽ നിറഞ്ഞത് ഉടൻ നീക്കം ചെയ്യാൻ ബന്ധപ്പെട്ട നഗരസഭ അധികൃതർ തയാറാവണമെന്നാവശ്യം ശക്തം.

വേനൽശക്തമായതോടെ മറ്റുകുളങ്ങൾ വറ്റിയെങ്കിലും ചേമ്പൻ കുളത്തിൽ വെള്ളമുണ്ട്.കുളത്തിൻറെ മേൽഭാഗം പൂർണമായും പായൽ മൂടിയതിനാൽ വസ്ത്രശുചീകരണത്തിനോ ദേഹ ശുദ്ധി വരുത്താനോ കുളത്തിൽ ഇറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കുളത്തിലെ മത്സ്യങ്ങൾക്ക് ഓക്സിജൻ ലഭിക്കാതെ ചത്തുമലക്കുമെന്ന ഭീഷണിയുമുണ്ട്.

അഞ്ചുവർഷം മുൻപ് പായൽ കാരണം കുളത്തിലെ മത്സ്യങ്ങൾ ചത്തൊടുങ്ങിയ സംഭവവും നടന്നിട്ടുണ്ട് കുളത്തിനു സമീപമാണ് സ്വകാര്യ ബസുകളും ഇതര വാഹനങ്ങളും പാർക്ക് ചെയ്യുന്നത് ഈ വാഹനങ്ങളിലെ ജീവനക്കാർക്കും കുളത്തിൽ ദേഹശുദ്ധി വരുത്താൻ പായൽ കെട്ട് കാരണം കഴിയുന്നുമില്ല. പ്രദേശത്ത് ചൂട് അനുദിനം വർധിച്ചു വരികയാണ്.

ഈ സാഹചര്യത്തിൽ ചേമ്പൻകുളത്തിലെ മാലിന്യം നീക്കം ചെയ്ത് കൂടുതൽ ജലസംഭരണത്തിന് അധികൃതർ മുന്നോട്ടു വരേണ്ടതായിട്ടുണ്ട്.

വേനൽ സമയങ്ങളിലും ജലം നിറഞ്ഞു കാണുന്ന പ്രദേശത്തെ വലിപ്പം കൂടിയ ജലസംഭരണിയാണ് ചേമ്പൻ കുളം.

# മീറ്റ്ന തടയണയിൽനിന്നും വെള്ളം ഒഴുക്കിക്കളഞ്ഞതിൽ അന്വേഷണം

ഒറ്റപ്പാലം: മീറ്റ്ന തടയണയുടെ ഷട്ടറുകൾ ഊരിമാറ്റി വെള്ളം ഒഴുക്കിക്കളഞ്ഞ സംഭവത്തിൽ പോലീസ് അന്വേഷണം.

ജല അഥോറിറ്റി രേഖാമൂലം നൽകിയ പരാതിയിലാണ് നടപടി. തടയണയിൽ ജലനിരപ്പ് പകുതിയായി കുറഞ്ഞ സ്ഥിതിയാണ്. വേനലിൽ ഒറ്റപ്പാലം ഭാഗത്തെ തദ്ദേശസ്ഥാപനങ്ങളുടെ കുടിവെള്ളത്തിനുള്ള ആശ്രയമായ മീറ്റ്ന തടയണയിൽ രണ്ട് ഷട്ടറുകളഴിച്ചുമാറ്റിയാണ് ജലം ഒഴുക്കിക്കളഞ്ഞത്.

ഇതോടെ തടയണയിലെ വെള്ളം പകുതിയായി കുറഞ്ഞു. ഒരുഷട്ടർ തടയണയുടെ മുകളിൽ അഴിച്ചുവച്ച നിലയിലും മറ്റൊന്നു വെള്ളത്തിലേക്ക് തള്ളിയ സ്ഥിതിയിലുമാണുള്ളത്. ഈ ഷട്ടറുകൾ മാറ്റിയ വശത്തു കൂടിയാണ് വെള്ളം ചോർന്നുപോയത്. ഇതോടെ സംഭരണകേന്ദ്രങ്ങളിൽ പലയിടത്തും മണൽത്തിട്ടപുറത്തുകാണുന്ന സ്ഥിതിയാണ്.

ഒറ്റപ്പാലം നഗരസഭയുടെയും അമ്പലപ്പാറ പഞ്ചായത്തിൻറെയും സമഗ്ര ശുദ്ധ ജല പദ്ധതികളുടെ സ്രോതസാണ് ഭാരതപ്പുഴയിലെ മീറ്റ്ന തടയണ. ഇവിടങ്ങളിൽ മാത്രം 17,000 പേരാണ് ഗുണഭോക്താക്കളായുള്ളത്.

ഇതിനുപുറമേ, വേനൽ കടുത്തതോടെ സമീപത്തെ തദ്ദേശസ്ഥാപനങ്ങളിലേക്കെല്ലാം വെള്ളമെത്തിക്കുന്നതും മീറ്റ്ന തടയണയിൽ നിന്നാണ്. 26 ഷട്ടറുകളാണ് തടയണയ്ക്കുള്ളത്.വെള്ളം സംഭരിക്കാൻ കഴിഞ്ഞ ഒക്ടോബറിൽത്തന്നെ തടയണയുടെ ഷട്ടറുകൾ അടിച്ചിരുന്നു. മരം കൊണ്ടുള്ള ഷട്ടറുകൾമാറ്റി ഉരുക്കുനിർമിത ഷട്ടറുകൾ ഉപയോഗിച്ചതോടെ കഴിഞ്ഞ മാർച്ച് 25വരെ വെള്ളം നിറഞ്ഞു നിൽക്കുന്ന സ്ഥിതിയായിരുന്നു.

എന്നാൽ സാമൂഹികവിരുദ്ധർ ഷട്ടറുകൾ ഊരിമാറ്റിയതോടെ ജലനിരപ്പ് കുറഞ്ഞത് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള കുടിവെള്ളവിതരണത്തിനുപോലും ആശങ്കയായി.

ഇപ്പോൾ പമ്പിംഗിനെ ബാധിക്കില്ലെങ്കിലും ഇനിയും ഷട്ടറുകൾ ഊരിമാറ്റുമോയെന്ന ആശങ്കയിലാണ് അധികൃതർ. ജല അഥോറിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് സ്ഥലത്ത് പരിശോധന നടത്തി.

വിഷയത്തിൽ ഉടൻ കളക്ടർക്കു റിപ്പോർട്ട് നൽകുമെന്നും അധികൃതർ പറഞ്ഞു. പ്രതിദിനം തടയണയിൽനിന്ന് വിതരണത്തിനായി ഒരുലക്ഷം ലിറ്റർ വെള്ളമാണ് ടാങ്കറുകളിൽ കൊണ്ടുപോകുന്നത്.

അനങ്ങനടി, അമ്പലപ്പാറ, മണ്ണൂർ പഞ്ചായത്തുകളിലേക്കാണ് ടാങ്കറുകളിൽ വെള്ളം കൊണ്ടു പോകുന്നത്. ഒറ്റപ്പാലം, അമ്പലപ്പാറ ഭാഗങ്ങളിലേക്ക് സമഗ്ര കുടിവെള്ള പദ്ധതിവഴി എത്തിക്കുന്ന വെള്ളത്തിന് പുറമെയാണിത്.ഇപ്പോൾ തന്നെ അക്ഷരാർത്ഥത്തിൽ ചുട്ടുപൊള്ളുന്ന ജില്ലയുടെ പല ഭാഗങ്ങളിലും കുടിവെള്ളത്തിനായി ജനങ്ങൾ രോഷാകുലരാകുന്നതും വാട്ടർ അഥോറിറ്റി ഓഫീസുകളിൽ പ്രതിഷേധങ്ങൾ അക്രമാസക്തമാകാനും ആരംഭിച്ചിട്ടുണ്ട്.

ഇതു കണക്കിലെടുത്ത് അടിയന്തിര നടപടികൾക്ക് ജില്ലാ കളക്ടർ അഥോറിറ്റിക്ക് അനുമതിയും നൽകിയിട്ടുണ്ട്.

# യുക്രെയ്ൻ വൈദ്യുതനിലയം റഷ്യ തകർത്തു

## രാജ്യത്തിന്റെ മിക്ക പ്രദേശങ്ങളും ഇരുട്ടിലായി

കീവ് : യുക്രെയ്ൻ നഗരമായ കീവിനു സമീപമുള്ള വൈദ്യുതനിലയം റഷ്യ ആക്രമണത്തിൽ തകർത്തു. ഇതോടെ രാജ്യത്തിന്റെ മിക്ക പ്രദേശങ്ങളും ഇരുട്ടിലായി. കിഴക്കൻ യുക്രെയ്നിലെ ഹർകീവ് പ്രവിശ്യയിലെ 2 ലക്ഷത്തോളം പേരെ ബാധിച്ചെന്നാണു വിലയിരുത്തൽ. സാപോറീഷ്യ, ലിവ്യു എന്നിവിടങ്ങളിലും കനത്ത മിസൈൽ ആക്രമണമുണ്ടായി.

കീവിനു സമീപം ട്രൈപിൽസ്കയിൽ കൽക്കരി ഉപയോഗിച്ചു പ്രവർത്തിക്കുന്ന പ്ലാന്റാണ് റഷ്യ മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് ഇന്നലെ പുലർച്ചെ ആക്രമിച്ചത്. 1800 മെഗാവാട്ട് ശേഷിയുള്ള നിലയം സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ഏറ്റവും വലിയ മൂന്നാമത്തെ വൈദ്യുതോൽപാദന കേന്ദ്രമായിരുന്നു.

വൈദ്യുതനിലയം ആക്രമിച്ചതിനെ 'ഭീകരത' എന്നാണ് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി വിശേഷിപ്പിച്ചത്. 2 വർഷത്തിനിടയിൽ യുക്രെയ്നിനു നേരെ നടക്കുന്ന ഏറ്റവും വലിയ ആക്രമണമാണിതെന്ന് സൈനികോദ്യോഗസ്ഥർ പറഞ്ഞു.

തങ്ങളുടെ ഇന്ധനസംവിധാനങ്ങൾക്കു നേരെ യുക്രെയ്ൻ നടത്തിയ ഡ്രോൺ ആക്രമണത്തിനു തിരിച്ചടിയായിരുന്നു ആക്രമണമെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം പ്രതികരിച്ചു.

82 മിസൈലുകൾ ഉപയോഗിച്ചായിരുന്നു റഷ്യയുടെ ആക്രമണമെന്നും 18 മിസൈലുകളും 39 ഡ്രോണുകളും വെടിവച്ചു വീഴ്ത്തിയെന്നും യുക്രെയ്ൻ അവകാശപ്പെട്ടു.

റഷ്യ ദീർഘദൂര മിസൈലുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അടിയന്തര വ്യോമപ്രതിരോധ സാമഗ്രികൾ അനുവദിക്കാൻ യുക്രെയ്ൻ പാശ്ചാത്യ രാജ്യങ്ങളോട് അഭ്യർഥിച്ചു.

ഇതിനിടെ, യുദ്ധരംഗത്തേക്ക് കൂടുതൽ സൈനികരെ നിയോഗിക്കാൻ ലക്ഷ്യമിട്ട് നിർബന്ധിത സൈനികസേവനത്തിനുള്ള പ്രായം യുക്രെയ്ൻ പാർലമെന്റ് 25 ആയി കുറച്ചു. നേരത്തേ ഇത് 27 ആയിരുന്നു